

ആഗസ്റ്റ്
2021

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ


ചെറുപുഷ്പം
ഗോൾഡ് ലോൺ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
കൂടുതൽ വായ്പ
കുറഞ്ഞ പലിശ
ഉയർന്ന കാലാവധി
Olarikkara, Pullazhi P.O, Thrissur 680012
Ph : 2360846, 2360202, 2365890
Customer Care : 8547667788, 8547778899

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ - 680003
ഫോൺ: 0487 - 2360259
Email:mariyanadham.info@gmail.com
www.ayyantholechurch.com

പുസ്തകം 27
ആഗസ്റ്റ് 2021
ലക്കം 5,6,7,8


## ഈ ലക്കത്തിൽ


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| പ്രതിനിധിയോഗ തീരുമാനങ്ങൾ | 05 |
| ഓർമ്മിക്കുക ആചരിക്കുക | 08 |
| മതബോധന വാർത്തകൾ | 09 |
| ദീപിക ഫ്രണ്ട്സ് ക്ലബ് | 11 |
| ചെറുനാരങ്ങ വീട്ടിൽ കൃഷി ചെയ്യാം | 13 |
| വർണ്ണചിറകുള്ള മാലാഖ - കവിത | 15 |
| ജയ് സ്വർഗ്ഗാരോപിതരാജ്ഞി | 16 |
| ആസ്തമ രോഗവും അതിന്റെ ചികിത്സാരീതികളും | 18 |
| മകന്റെ പ്രാർത്ഥനയുടെ ഫലം | 24 |
| ജീവന്റെ കാവൽക്കാർ | 26 |
| പരിശുദ്ധാത്മാവ് | 28 |
| ഓൺലൈൻ വിശ്വാസം | 30 |
| മായാ മനോഹരി അമ്മേ | 33 |
| ഞങ്ങൾ വരവായി | 34 |
| ഞങ്ങൾ യാത്രയായി | 35 |
| ഞങ്ങൾ ഒന്നായി | 35 |
| ഇടവകയിൽ നിന്നും മാറിപോയവർ | 36 |
| ഇടവകയിലേക്ക് വന്നവർ | 37 |
| BIBLE QUIZ | 38 |
| ചായകൂട്ട് മത്സരം | 40 |


## പത്രാധിപസമിതി


ചീഫ് എഡിറ്റർ
ഫാ. **ജെയ്സൻ പുന്നശ്ശേരി** +91 9526131319

മാനേജിംഗ് എഡിറ്റർ
ശ്രീ. **കെ.എ.മാത്യു** +91 9388842296

അഡീഷണൽ മാനേജിംഗ് എഡിറ്റർ
ശ്രീമതി **ത്രേസ്യാമ്മ ജേക്കബ് തോലത്ത്** +91 9447031220

അസോസിയേറ്റഡ് എഡിറ്റേഴ്സ്
റവ. സി. **കാതറിൻ CHF** +91 9207552282
ശ്രീമതി. **ഗ്രേസി ജോണി വടക്കേത്തല** +91 8129978716
ശ്രീമതി. **ജെൻസി ജൂപ്പിറ്റർ തരകൻ** +91 9497061927
ശ്രീ. **ജെയ്സൺ കുള** +91 9495062073
ശ്രീ. **ടോണി തരകൻ** +91 9447728883
ശ്രീ. **സ്റ്റീഫൻ മാപ്രാണത്ത്** +91 9446336573
ശ്രീ. **യേശുദാസ് ടി.എസ്.** +91 9387806657
ശ്രീ. **മേജോ കെ.ജെ** +91 9847865010
ശ്രീ. **ജിതിൻ ജോജു** +91 8606006298
ശ്രീ. **സെജിൻ സെബി** +91 9446023663

എക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. അഡ്വ. **നെറ്റോ നെല്ലിശ്ശേരി** +91 9847970504
(കേന്ദ്രസമിതി കൺവീനർ)
ശ്രീ. **ആന്റോ ഇഞ്ചോടിക്കാരൻ** +91 9447055913
(നടത്തുകൈക്കാരൻ)


### ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

**സാധാരണ ദിവസം – 6.30 a.m**
**ഞായർ – 6.30 a.m 9.30 a.m**

നടത്തുകൈക്കാരൻ
ശ്രീ. **ആന്റോ ഇഞ്ചോടിക്കാരൻ**
+91 9447055913

### പള്ളി ഓഫീസ് സമയം

സാധാരണ ദിവസങ്ങളിൽ 7.00 a.m. - 8.00 a.m.
6.00 p.m. - 8.30 p.m.
ഞായർ 10.30 a.m. - 12.30 p.m.

**തിങ്കൾ അവധി**


കപ്യാർ : വിൽസൺ ആളൂർ കൊക്കൻ – +919745844551

# എഡിറ്റോറിയൽ

## സ്വർഗ്ഗാരോപിതമാതാവിന്റെ തിരുനാൾ

നമ്മുടെ ഇടവകമധ്യസ്ഥയായ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുന്നാൾ ആഗസ്റ്റ് പതിനഞ്ചാം തിയതി നാം ആഘോഷിക്കുന്നു. കൊറോണയുടെ വ്യാപനം മൂലം ആഘോഷമായി തിരുനാൾ നടത്താനാവാത്ത പരിതസ്ഥിതിയാണിപ്പോൾ. എന്നാലും ഭക്തിയോടും വിശ്വാസത്തോടും പരിശുദ്ധ അമ്മയോട് പ്രാർത്ഥിക്കുവാൻ നമുക്കാവും. ഇന്നത്തെ കാലത്തിന്റെ കെടുതികളിൽനിന്നും ലോകജനതയെ മോചിപ്പിക്കാൻ മുട്ടിപ്പായി നമുക്കു പ്രാർത്ഥിക്കാം.

നമ്മുടെ രാജ്യം സ്വതന്ത്രമായിട്ട് എഴുപത്തിനാലു വർഷം തികയുന്ന ഈ സന്ദർഭത്തിൽ, ആഗസ്റ്റ് 15-ാം തിയതി നാം സ്വാതന്ത്ര്യദിനം ആചരിക്കുന്നു. സ്വതന്ത്രഭാരതത്തിന്റെ ചരിത്രത്തിൽ മതേതരത്വത്തെ കളങ്കപ്പെടുത്തുന്ന പല പ്രവണതകളും കാണുന്നത് ദുഃഖകരമാണ്. ഇരുന്നൂറോളം വർഷത്തെ വിദേശ ദുർഭരണത്തെ നേരിട്ട നമ്മുടെ നേതൃനിരയുടെ കഷ്ടപ്പാടും സഹനവും മൂലമാണ് നമുക്കു സ്വാതന്ത്ര്യം ലഭിച്ചത്. എല്ലാ ഭാരതീയനും സ്വതന്ത്രവും സമത്വത്തോടും വസിക്കുവാനായി നല്ല ഭരണഘടന എഴുതി ഉണ്ടാക്കി എല്ലാ ജാതിയ്ക്കും മതത്തിനും തുല്യതയും വിഭാവനം ചെയ്തു. ഇപ്പോൾ രാജ്യത്തു നടക്കുന്ന പല സംഘർഷങ്ങളും കാണുമ്പോൾ; വിഭാവനം ചെയ്ത ഭരണഘടനയിലെ സെക്കുലറിസം പ്രാവർത്തികമായി കാണുന്നില്ല. ഒരുപക്ഷെ അന്ധവിശ്വാസങ്ങളുടെയും, സ്വാർത്ഥ താല്പര്യങ്ങളുടെയും ധനമോഹത്തിന്റെയും ഒക്കെ പരിണിത ഫലമാവാം. ഭൗതീക സുഖസൗകര്യങ്ങളുടെ പിന്നാലെ പരക്കം പായുന്ന നാം, നല്ല പൗരനാകാൻ മറന്നു പോകുന്നു. വിശാലമായ മന:സ്ഥിതിയും മറ്റുള്ളവരോടു ബഹുമാനവും; അപരന്റെ ദുഃഖത്തിൽ മനസ്സലിവു കാട്ടാനും നമുക്കാവണം. മാതാപിതാക്കൾ വഴി കുടുംബങ്ങളിലാണ് ഇത്തരം മനോഭാവം ഉടലെടുക്കേണ്ടത്. കുടുംബാന്തരീക്ഷം ഈ ദിശയിൽ മുന്നേറാൻ നമുക്ക് പ്രാർത്ഥിക്കാം. എല്ലാവർക്കും സ്വാതന്ത്ര്യദിനാശംസകളോടെ

പത്രാധിപസമിതി

# ഇടയശബ്ദം



**പ്രിയമുള്ളവരേ,**

ആഗസ്റ്റ് മാസം ഒത്തിരിയേറെ സവിശേഷദിനങ്ങൾ നിറഞ്ഞ മാസമാണ്. രണ്ട് സുപ്രധാന ദിവസങ്ങളെ അത് ഓർത്തെടുക്കുന്നു. ഒന്നാമതായി ഓഗസ്റ്റ് 15 മാതാവിന്റെ സ്വർഗ്ഗാരോപണതിരുന്നാൾ രണ്ടാമതായി ഭാരതത്തിന്റെ സ്വാതന്ത്ര്യ ദിനവും.

പരിശുദ്ധ അമ്മയുടെ മക്കളെന്ന് അവകാശപ്പെടുന്ന നമുക്ക് ആ അമ്മയോട് ഒത്തിരിയേറെ കടപ്പാടുണ്ട്. ലോകത്തിലെങ്കിലും ലോകത്തിന്റെതല്ലാതെ ജീവിക്കുക. ലോകത്തിന്റെ മാലിന്യമേൽക്കാതെ ലോകത്തിലായിരിക്കുക ഒത്തിരി ക്ലേശകരമായ ജീവിതശൈലിയാണ്. അങ്ങിനെ ജീവിച്ച ആ അമ്മയോളം വളർന്നെങ്കിൽ മാത്രമേ നമുക്കിതിന് കഴിയൂ. അമ്മ നമ്മളെ പഠിപ്പിച്ച പാഠവും അതാണ്. 'അവൻ നിങ്ങളോട് പറയുന്നതു ചെയ്യുവിൻ' (യോഹ. 2:2). എന്താണ് യേശുപറഞ്ഞത്? 'ക്രിസ്തുവിൽ വിശ്വസിക്കാൻ മാത്രമല്ല, അവനുവേണ്ടി സഹിക്കാൻ കൂടിയുള്ള അനുഗ്രഹം അവനെപ്രതി നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു.' (ഫിലിപ്പി 1:29). മംഗളവാർത്ത മുതൽ കാൽവരിയിലെ ബലിയർപ്പണം വരെയുള്ള പ. അമ്മയുടെ ജീവിതത്തിലെ സംഭവങ്ങൾ പരിശോധിച്ചാലറിയാം അവൾ എത്രമാത്രം ക്രിസ്തുവിന് വേണ്ടി, ക്രിസ്തുവിനോടൊപ്പം സഹനത്തിൽ സന്തതസഹചാരിയായിരുന്നുവെന്ന്. "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെതന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്ന അനുഗമിക്കട്ടെ. സ്വന്തം ജീവൻ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അത് നഷ്ടപ്പെടുത്തും. എന്നാൽ ആരെങ്കിലും എനിക്കുവേണ്ടി സ്വജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അത് കണ്ടെത്തും." (മത്താ. 16:24-25). സ്വർഗ്ഗാരോപണതിരുന്നാളിൽ നമ്മുടെ ഇടവകമധ്യസ്ഥയായ പ. മാതാവ് നൽകുന്ന വലിയ പ്രതീക്ഷ നമുക്കുംഈശോയുടെ അടുക്കലേക്ക് കരകയറാനാക്കും എന്ന

സത്യമാണ്.

ഒരു വർഷം കൂടി പിന്നിടുന്ന ഈ സാഹചര്യത്തിൽ ഈ ദിനം ഉയർത്തുന്ന ചില ചോദ്യങ്ങൾ ഇന്നും വെല്ലുവിളികളായി നമ്മുടെ മുമ്പിൽ അവശേഷിക്കുന്നു. ബ്രിട്ടീഷ് സാമ്രാജ്യശക്തികളുടെ അടിമത്വത്തിൽ നിന്നും സ്വതന്ത്രരായതിൽ നാം അഹങ്കരിക്കുമ്പോഴും നമ്മെ ആശങ്കപ്പെടുത്തേണ്ട ഒരു കാര്യം നാം സത്യത്തിൽ ഇന്ന് സ്വതന്ത്രരാണോ? കോർപ്പറേറ്റ് കുത്തകകൾ സാമ്പത്തിക മേഖല പൂർണ്ണമായും കീഴടക്കുന്ന ഈ കാലയളവിൽ എന്ത് സാമ്പത്തിക സ്വാതന്ത്ര്യമാണ് ഇന്ന് ഇന്ത്യയ്ക്കുള്ളത്? നാടിനെ വിറ്റ് തുലച്ച് കമ്മീഷൻ ഇനത്തിൽ കോടികൾ സമ്പാദിക്കുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങൾ എന്ത് സ്വാതന്ത്ര്യമാണ് നമുക്ക് നേടിതരുന്നത്? വിഷമില്ലാത്ത പച്ചക്കറികൾ ഭക്ഷിക്കുവാൻ പോലും അവസരമില്ലാത്ത, അന്യസംസ്ഥാനങ്ങളെ ആശ്രയിച്ച് ജീവിക്കേണ്ട ഭക്ഷ്യ അടിമത്വത്തിന്റെ നാടാണ് കേരളം! ദേവാലയങ്ങൾ തകർത്തെറിയപ്പെടുന്ന, വർഗ്ഗീയതയുടെ വിശലിപ്തമായ ഇന്ത്യരാജ്യം. ഇഷ്ടമുള്ള ഭക്ഷണം കഴിക്കാൻ പോലും അവകാശമില്ലാത്ത നാട്? ഉദരത്തിൽ ഉരുവാകുന്ന ജീവന് പുല്ലുവില കൽപ്പിക്കുന്ന, മാലിന്യക്കൂമ്പാരത്തിൽ പിറന്നുവീഴുന്ന കുഞ്ഞിനെ ഉപേക്ഷിക്കുന്ന ആധുനിക ന്യൂജെൻ സംസ്കാരം നമുക്കിന്ന് അടിമത്വമാകുന്നില്ലെ? സ്വന്തം ഭവനത്തിൽപോലും, സ്ത്രീകളും, കുഞ്ഞുങ്ങളും, വൃദ്ധമാതാപിതാക്കളും സുരക്ഷിതമല്ലാത്ത നാട്.

സത്യസന്ധതയോടെ ജീവിക്കുന്നവർ അനുഗ്രഹിക്കപ്പെടും എന്നത് ദൈവത്തിന്റെ വാഗ്ദാനമാണ്. “സത്യം നിങ്ങളെ സ്വതന്ത്രരാക്കും” എന്നത് ദൈവത്തിന്റെ വചനമാണ്. നിത്യസത്യമായ വചനത്തെ നമുക്ക് മുറുകെ പിടിക്കാം. സുഭാഷിതൻ പറയുന്നു: “സത്യസന്ധതയിൽ ചരിക്കുന്ന നീതിമാന്റെ പിൻതലമുറകൾ അനുഗ്രഹിക്കപ്പെട്ടതാണ്“ (20:7). “നിന്റെ പ്രവൃത്തികൾ സത്യനിഷ്ഠമായിരികുന്നാൽ എല്ലാ ചെയ്തികളിലും നിനക്ക് ഐശ്വര്യം കൈവരും.” (തോബി. 4:6) യഥാർത്ഥസത്യമായ ഈശോ നമ്മെ സ്വതന്ത്രരാക്കട്ടെ. ആഗതമാകുന്ന സ്വർഗ്ഗാരോപിതമാതാവിന്റെ, സ്വാതന്ത്ര്യദിനത്തിന്റെ തിരുന്നാൾ ആശംസകൾ ഒത്തിരിസ്നേഹത്തോടെ ആശംസിക്കുന്നു.

**നിങ്ങളുടെ ജെയിസനച്ചൻ**

## 21.03.2021 ലെ പ്രതിനിധിയോഗ തീരുമാനങ്ങൾ

1. ഫെബ്രുവരി മാസത്തെ കണക്കും ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസാക്കി.

2. പള്ളിയിലെ അക്കൗണ്ടന്റ് ശ്രീ. ജയ്സൺ കൂളയുടെ സ്ഥിര നിയമനം സംബന്ധിച്ച് നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. പള്ളി ഓഫീസ് സമയം സാധാരണ ദിവസങ്ങളിൽ രാവിലെ 7 മുതൽ 8 വരെയും വൈകുന്നേരം 6 മുതൽ 8.30 വരെയും ഞായറാഴ്ചകളിൽ രാവിലെ 10.30 മുതൽ 12.30 വരെയും ആയിരിക്കും. തിങ്കളാഴ്ച അവധിയായിരിക്കും. അദ്ദേഹത്തിന്റെ അടിസ്ഥാന ശമ്പളം 6000/- (ആറായിരം) രൂപയും ക്ഷാമബത്ത 3000/- (മൂവായിരം) രൂപയും സ്പെഷ്യൽ കമ്പ്യൂട്ടർ അലവൻസ് ഇനത്തിൽ 1000/- (ആയിരം) രൂപയും ആയി നിശ്ചയിച്ചു. അതിനാൽ മാസവേതനം 10000 (പതിനായിരം) രൂപ ആയിരിക്കും.

2. കപ്പേളയ്ക്കുള്ള സ്ഥലവും കൂടി ഉൾപ്പെടുത്തി പള്ളിയുടെ മാസ്റ്റർ പ്ലാൻ നല്കാൻ തീരുമാനിച്ചു.

3. കോപ്പറേറ്റീവ് സൊസൈറ്റിയിലെ അക്കൗണ്ട്, ഫിക്സ്ഡ് ഡിപ്പോസിറ്റ് മുതലായവ അതിരൂപതാ നിയമപ്രകാരം ഷെഡ്യൂൾ ബാങ്കിലേക്ക് മാറ്റുവാൻ തീരുമാനിച്ചു.

4. ദുഃഖവെള്ളിയാഴ്ച വൈകുന്നേരം കുരിശിന്റെ വഴി പള്ളി അങ്കണത്തിൽവച്ച് കുട്ടികളേയും യൂത്തിനേയും ഉൾപ്പെടുത്തി ദൃശ്യവത്കരണത്തിലൂടെ നടത്താൻ തീരുമാനിച്ചു. നഗരികാണിക്കൽ പ്രദക്ഷിണം കോവിഡ് പശ്ചാത്തലത്തിൽ വേണ്ട എന്ന് തീരുമാനിച്ചു.

**01.05.2021 ശനിയാഴ്ച്ച 7 pm ന് ഗൂഗിൾ മീറ്റ് വഴി കൂടിയ ഓൺലൈൻ പ്രതിനിധി യോഗത്തിലെ തീരുമാനങ്ങൾ:**

1. 2021 മാർച്ച് മാസത്തെ കണക്ക് വായിച്ച് പാസ്സാക്കി. Covid വ്യാപനം കാരണം ഓഡിറ്റർമാർ അസൗകര്യം പറഞ്ഞതിനാൽ subject to audit ആണ് പാസ്സാക്കിയത്. തെരട്ട് കൊടുക്കേണ്ടത് ആവശ്യമായതിനാൽ താൽക്കാലികമായി വേറെ ഓഡിറ്ററെ

വെച്ച് മാർച്ചിലെ ഓഡിറ്റിംഗ് പൂർത്തിയാക്കാൻ തീരുമാനിച്ചു.

2. മാർച്ച് മാസത്തെ പ്രവർത്തന റിപ്പോർട്ട് വായിച്ചു പാസ്സാക്കി.

3. ഈ വർഷത്തെ പെൻഷന് വേണ്ടിയുള്ള അപേക്ഷകൾ യൂണിറ്റുകളിൽ നിന്ന് 10.05.2021 വരെ സമർപ്പിക്കേണ്ടതാണ്. അർഹതപ്പെട്ടവർക്ക് ഉടൻ pension വിതരണം ചെയ്യാൻ കേന്ദ്ര സമിതി യോട് നിർദ്ദേശിച്ചു.

4. കുട്ടികളെ ശരിയായി ഒരുക്കാൻ സാധിക്കാത്തതിനാൽ ആദ്യ കുർബാന സ്വീകരണം covid ന്റെ ബുദ്ധിമുട്ടുകൾ കഴിഞ്ഞതിനു ശേഷം വികാരിയച്ചൻ അറിയിക്കുന്നതാണ്.

5. ഇടവകയിൽ covid മൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ പേരുവിവരം യൂണിറ്റ് ഭാരവാഹികൾ പള്ളിയിൽ അറിയിക്കുക. ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

6. കിണർ വൃത്തിയാക്കി യപ്പോൾ പടിഞ്ഞാറ് ഭാഗം മണ്ണ് ഇടിഞ്ഞത് കണ്ടു. ആയത് ഓട് കെട്ടി ബലപ്പെടുത്തി യാൽ നല്ലതാണെന്ന് അഭിപ്രായമുണ്ട്. കൂടുതൽ ശാസ്ത്രീയമായി പഠിച്ച് പിന്നീടു് തീരുമാനിക്കാം.

7. പള്ളി ഓഫീസിന് മുൻവശം, വൈദിക മന്ദിരത്തിനു താഴെ, താൽക്കാലികമായി അടച്ച് ഉപയോഗ യോഗ്യ മാക്കാൻ തീരുമാനിച്ചു. ആയതിന് കൈക്കാരൻ മാരെ അധികാരപ്പെടുത്തി. യോഗത്തിൽ 23 പേര് പങ്കെടുത്തു.

## 18.07.2021 ലെ പ്രതിനിധിയോഗ തീരുമാനങ്ങൾ

1. 2021 ഏപ്രിൽ, മെയ്യ്, ജൂൺ മാസങ്ങളിലെ കണക്കും ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസാക്കി.

2. ബഹു.വികാരിയച്ചന്റേയും പള്ളി ജീവനക്കാരുടേയും അതിരൂപതാ നിയമപ്രകാരമുള്ള പുതുക്കിയ വേതന വ്യവസ്ഥകൾ പ്രതിനിധി യോഗം അംഗീകരിച്ചു.

3. Internal Auditor പാനലിലേക്ക് കോവിഡ് പശ്ചാത്തലത്തിൽ താല്കാലികമായി Adv. E.J സന്തോഷിനേക്കൂടി നിയമിച്ചു.

4. 2021 ആഗസ്റ്റ് 15 തിരുനാൾ കൺവീനറായി ശ്രീ.വിൽസൺ കെ.ആർ (കൈപ്പറമ്പിൽ) നെ തിരഞ്ഞെടുത്തു.

5. 2021 ആഗസ്റ്റ് 15 തിരുന്നാളിന് നേർച്ചയായി ബിരിയാണി കിറ്റ് നല്കാൻ തീരുമാനിച്ചു. ആയതിന്റെ ചിലവിലേക്ക് സംഭാവന സ്വീകരിക്കാൻ തീരുമാനിച്ചു.

6. വീണുകിടക്കുന്ന തേക്ക് വില നിലവാരം അന്വേഷിച്ച് ഉചിതമായി വില്ക്കാൻ കൈക്കാരന്മാരെ ചുമതലപ്പെടുത്തി.

7. വൈദിക മന്ദിരത്തിന് താഴെ ഓഫീസ് block ന്റെ permanent construction ന് മൂന്ന് ലക്ഷം രൂപ അനുവദിച്ചു. അയതിന് കൈക്കാരന്മാരെ ചുമതലപ്പെടുത്തി.

8. കരേറ്റ മാതാവിന്റെ രൂപം മദ്ബഹയുടെ അകത്ത് രൂപക്കൂട് പണിത് സ്ഥാപിക്കാൻ തീരുമാനിച്ചു. ആയതിന് സ്പോൺസർഷിപ്പ് കണ്ടെത്താനും നിശ്ചയിച്ചു.ആയതിന് കൈക്കാരന്മാരെ അധികാരപ്പെടുത്തി.

9. പള്ളിയുടെ ആവശ്യത്തിനായി water gun വാങ്ങുവാൻ തീരുമാനിച്ചു. ആയതിന് കൈക്കരന്മാരെ ചുമതലപ്പെടുത്തി.

പ്രതിനിധിയോഗം സെക്രട്ടറി

## ചിത്ര രചന മത്സരം

മതബോധന വിദ്യാർത്ഥികൾക്കായ് മരിയനാദം പത്രാധിപസമിതിയുടെ ആഭിമുഖ്യത്തിൽ "**സ്വർഗ്ഗരോപിത മാതാവും കോവിഡ് മഹാമാരിയും**" എന്ന വിഷയം ആസ്പദമാക്കി ചിത്രരചന മത്സരം നടത്തുന്നു. ക്ലാസ്സ് അടിസ്ഥാനത്തിൽ (1-4, 5-8 & above 8) മൂന്നു വിഭാഗമായി തിരിച്ചിരിക്കുന്നു. ആദ്യ ഗണമായ 1 - 4 വിഭാഗത്തിന് crayons ഉം രണ്ടാം ഗണത്തിന് (5 - 8) water colour ഉം ശേഷം ഗണത്തിന് pencil ഉം ഉപയോഗിക്കാം.

ഓരോ കാറ്റഗറിയിലും വിജയിക്കുന്നവർക്കു രണ്ട് സമ്മാനങ്ങൾ (1st & 2nd) നൽകുന്നതായിരിക്കും. 2021 August 13 ന് മത്സരം നടത്തുന്നതയിരിക്കും.

## പൂക്കള മത്സരം

യൂണിറ്റ് അടിസ്ഥാനത്തിൽ, തിരുവോണത്തിനു പിറ്റേന്നു (23.08.2021), ACC ഉൾപ്പടയുള്ള മതബോധന വിദ്യാർത്ഥികൾക്കായ് പൂക്കള മത്സരം നടത്തുന്നു. ഒരു യൂണിറ്റിൽ നിന്നും 5 പേർക്ക് പങ്കെടുക്കാം. Rs.1000/-, Rs.750/- & Rs.500/- വീതം 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കും കൂടാതെ പങ്കെടുത്തവർക് പ്രോത്സാഹന സമ്മാനവും നൽകുന്നു.

NB. **പൂക്കൾ മാത്രം അനുവദനീയം**

മത്സരങ്ങൾ കോവിഡ് - 19 നിർദേശങ്ങൾക്കനുസൃതം



# ഓർമ്മിക്കുക ആചരിക്കുക

| | | |
|---|---|---|
| 01.08.2021 | ഞായർ | **വി. അൽഫോൺസ് ലിഗോരി** |
| 0308.2021 | ചൊവ്വ | **വി. ലിഡിയോ** |
| 04.08.2021 | ബുധൻ | **വി. ജോൺ മരിയ വിയാനി** |
| 08.08.2021 | ഞായർ | **തിരുനാൾ കൊടിയേറ്റം, നവനാൾ ദിനം ആരംഭം,** |
| 11.08.2021 | ബുധൻ | **വി. ക്ലാര** |
| 14.08.2021 | ശനി | **വി. മാക്സി മില്യൻ കോൾബെ** |
| 15.08.2021 | ഞായർ | **സ്വർഗ്ഗാരോപിത മാതാവിന്റെ തിരുനാൾ, സ്വാതന്ത്ര്യദിനം** |
| 21.08.2021 | ശനി | **വി. പത്താം പിയൂസ് മാർപാപ്പ** |
| 24.08.2021 | ചൊവ്വ | **വി. ബർത്താലോമിയോ ശ്ലീഹാ** |
| 27.08.2021 | വെള്ളി | **വി. മോനിക്കാ** |
| 28.08.2021 | ശനി | **വി. അഗസ്റ്റിൻ** |
| 29.08.2021 | ഞായർ | **വി. എവുപ്രാസ്യമ്മ, സ്നാപക യോഹന്നാന്റെ ശിരച്ഛേദനം** |
| | | |


HOLY LAND

## 28-ാം ചരമവാർഷികം
09.06.2021



## പുളിക്കൻ ദേവസ്സി മകൻ
# ഫ്രാൻസീസ്

ജനനം : 17.09.1957   മരണം : 09.06.1993

പ്രാർത്ഥനാപൂർവ്വം
കുടുംബാംഗങ്ങൾ

സെന്റ് മേരീസ് കുടുംബയൂണിറ്റ്



# ROSYN MAYAS

## DENTAL HEALTH CENTRE

Katherine Squre, Fancy Lane,
West Fort Junction, Thrissur

**OUR SERVICES**

1. CHILDREN DENTAL CARE
2. ENDODONTICS (RCT) SINGLE SITTING
3. ORAL SURGERY (RTA CASES) IMPACTED TOOTH SURGERY
4. IMPLANTS ( SWITZERLAND)
5. OLD AGE IMPLANT PROSTHESIS FLEXIBLE DENTURE
6. ORTHODONTICS ADVANCED
7. PRE - ORTHO
8. VENEERS ( ITALIAN)
9. DIGITAL X-RAY

**ALL TEETH CARE**

☎ 0487 2388395

9995331166, 5892835360

**Dr. DAVIS THOMAS** B.Sc. BDS
CHIEF DENTAL SURGEON

**Dr. SIJI CHIRAMEL** MDS
MAXILLO FACIAL SURGEON

**Dr. AKHIL** MDS

**Dr. TRIJITH** MDS (Endo)

**Dr. DALY M. DAVIS,** BDS

**Dr. SAI PRIYA,** BDS

**Dr. AMRITH THILAKAN,** BDS, FMC

**Dr. ASHA BENNY,** BDS

**Dr. P.M. GOPIKA,** BDS

**Dr. SWISMIN GEMS,** BDS

**Dr. CHRISTY SUNNY,** BDS

**Dr. ANJANA JOSE,** BDS








Wedded on
18.04.2021
Nidhin & Vinaya
S/o Mrs. Sonia Joy &
Mr. Joy George,
Kuruthukulangara House,
Civil Lane, Ayyanthole
P.O., Thrissur-3
D/o Mrs. Patricia Shajan
& Mr. Shajan V Aloor,
Aloor House, Kandanassery,
Ariyannur P.O.,
Thrissur -680102



# മതബോധനവാർത്തകൾ

**സ്നേഹമുള്ള മതാദ്ധ്യാപകരെ,**
**മതബോധനവിദ്യാർത്ഥികളെ, മാതാപിതാക്കളെ,**

ആദ്യമായി ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റേയും പരി. അമ്മയുടെ സ്വർഗ്ഗാരോപിത തിരുനാളിന്റേയും ആശംസകൾ നേരുന്നു; ചെറിയ ഒരു ഇടവേളയ്ക്ക് ശേഷം 'മരിയനാദം' ഇടവകയുടെ ജിഹ്വയായി നമ്മുടെ ഭവനങ്ങളിൽ എത്തുന്നു. കോവിഡിന്റെ രണ്ടാംതരംഗത്തിലൂടെയാണ് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ഇപ്പോഴും ഭീതിയുടെ അവസ്ഥയാണ് നമുക്ക് ചുറ്റും ദർശിക്കാൻ കഴിയുക. ജാഗ്രതയോടെ വേണം മുന്നേറാൻ; മൂന്നാം തരംഗത്തെ അതിജീവിക്കുവാൻ കാത്തിരിക്കുന്നു. കോവിഡ് വാക്സിൻ സ്വീകരിക്കുന്ന തിരക്കിലാണല്ലോ, ജാഗ്രതയാണ് വേണ്ടത്. ഗവൺമെന്റ് നൽകുന്ന എല്ലാ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കണം. പരി. അമ്മയോട് മാദ്ധ്യസ്ഥം യാചിക്കണം.

2021-2022 മതബോധനവർഷം ജൂൺ 6ന് ആരംഭിച്ചു. പഠനവും പരീക്ഷകളും ഓൺലൈൻ ആയി നടക്കുന്ന ഒരു അദ്ധ്യയനവർഷത്തിലൂടെയാണ് നാം കടന്നുപോകുന്നത്. കഴിഞ്ഞ അദ്ധ്യയനവർഷത്തിൽ എല്ലാ മതബോധന വിദ്യാർത്ഥികളും വിജയിച്ചു എന്ന സന്തോഷവാർത്ത നിങ്ങളെ അറിയിക്കുകയാണ്. ദൈവം നമ്മിൽ വർഷിച്ച എല്ലാ അനുഗ്രഹങ്ങൾക്കും നന്ദിപറയാം. സഹകരിച്ച എല്ലാവർക്കും ഒരായിരം നന്ദി. അതിരൂപതാതലത്തിൽ നടത്തിയ 12-ാം ക്ലാസ്, എ.സി.സി. പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ എല്ലാ മതബോധനവിദ്യാർത്ഥികളെയും അവരെ ഒരുക്കിയ മതാദ്ധ്യാപകരെയും ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുന്നു. 12-ാം ക്ലാസ്സിൽ അതിരൂപതാ തലത്തിൽ 9-ാം റാങ്ക് കരസ്ഥമാക്കിയ ദേവ് പ്രതാപ് ജോയിയെ യൂണിറ്റിന്റെ പ്രത്യേക അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഒപ്പം മാതാപിതാക്കളായ ജോയി മാസ്റ്റർക്കും, അഞ്ജലി ജോയിയ്ക്കും അഭിനന്ദനങ്ങൾ നേരുന്നു. ഉന്നതിയുടെ ചവിട്ടുപടികൾ കയറാൻ സർവ്വശക്തനായ

ദൈവം അനുഗ്രഹങ്ങൾ വർഷിക്കട്ടെയെന്ന് ആശംസിക്കുന്നു.

ഈ മതബോധനവർഷത്തിൽ 6 പുതിയ അദ്ധ്യാപകർ നമ്മുടെ മതബോധന യൂണിറ്റിലേയ്ക്ക് കടന്നുവന്നിട്ടുണ്ട്. സിസ്റ്റർ ലിറ്റിൽ തെരേസ്, സിസ്റ്റർ രോഷ്നി, ജൂലി.സി.കെ., ബബിത ജോഷി, അബിത, അലക്സ് ബേബി എന്നിവരാണ് അവർ. മൂന്ന് മതാദ്ധ്യാപകർ മതബോധനരംഗത്ത് നിന്ന് വിടപറഞ്ഞു. വിവാഹാന്തസ്സിൽ പ്രവേശിച്ച നവ്യമോൾ ടീച്ചർ, സ്ഥലം മാറിപോയ സിസ്റ്റർ തെരേസ് ജേക്കബ്, സിസ്റ്റർ ജെസിന്ത, യൂണിറ്റിനുവേണ്ടി ചെയ്ത എല്ലാ സേവനങ്ങൾക്കും ഒത്തിരി നന്ദി. നമ്മുടെ വികാരിയച്ചൻ എ.സി.സി. കുട്ടികൾക്ക് ക്ലാസ് എടുക്കും എന്ന സന്തോഷവാർത്ത നിങ്ങളെ അറിയിക്കുന്നു. അച്ചന്റെ ധീരമായ ഈ കാൽവെയ്പ്പിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. യൂണിറ്റിന് ഒരു പുത്തൻ ഉണർവ്വ് പകരും എന്ന് പ്രത്യാശിക്കാം. മിഡ്-ടേം പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ എല്ലാവരേയും അഭിനന്ദിക്കുന്നു.

സഭയുടെ സംരക്ഷകനായി വണങ്ങുന്ന വി. യൗസേപ്പിതാവിനായി പ്രതിഷ്ഠിക്കപ്പെട്ട ഈ വർഷത്തിൽ സദാ സംരക്ഷണത്തിന്റെ സംരക്ഷകരായി നിലകൊള്ളുന്ന എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു. വൈദികജീവിതത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന നമ്മുടെ മുൻ മതബോധന ഡയറക്ടർ ഫാദർ ജോയ് അടുമ്പുകുളത്തിന് ജൂബിലിയുടെ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു. കോവിഡ് മഹാമാരി ഭൂമിയെ ആവരണം ചെയ്തിരിക്കുന്ന ഈ കാലഘട്ടത്തിൽ പരി. അമ്മയുടെ മാദ്ധ്യസ്ഥം തേടാം. അമ്മേ കൊറോണ വൈറസിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമേ. ഒരിക്കൽ കൂടി സ്വാതന്ത്ര്യദിനത്തിന്റേയും സ്വർഗ്ഗാരോപിതതിരുനാളിന്റെയും ആശംസകൾ ഏവർക്കും നേരുന്നു. പുതിയ അദ്ധ്യയനവർഷത്തിൽ നമ്മുക്കൊരുമിച്ച് മുന്നേറാം. സർവ്വശക്തനായ ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ.

**ജയ് ഭാരത്, ജയ് ക്രൈസ്റ്റ്**

**ബിൽസി ഫ്രാൻസീസ്**
പ്രിൻസിപ്പാൾ

# ദീപിക ഫ്രണ്ട്സ് ക്ലബ് (DFC)
## അയ്യന്തോൾ യൂണിറ്റ്

ദീപിക തീവ്രപ്രചാരണയജ്ഞത്തിന്റെ ഭാഗമായി നമ്മുടെ ഇടവകയിലെ 21 കുടുംബങ്ങൾ വാർഷികവരിക്കാരായും 15 കുടുംബങ്ങൾ അർദ്ധവാർഷികവരിക്കാരാവുകയും ചെയ്തു. വരിക്കാരായവർക്ക് ദീപിക ഓഫീസിൽനിന്ന് നൽകിയ സമ്മാനവും, തൃശൂർ അതിരൂപതയിലെ ആശുപത്രികളിൽ ഉപയോഗിക്കാവുന്നതുമായ ഹെൽത്ത്കാർഡും വിതരണം ചെയ്തു.

വാർഷിക വരിസംഖ്യ 2700 ൽ 200 രൂപയും, അർദ്ധവാർഷിക വരിസംഖ്യ ആയ 1350 ൽ 100 രൂപയും പള്ളിയിൽനിന്നാണ് നൽകിയത്. അതിന് നേതൃത്വം നൽകിയ മുൻവികാരി റവ. ഫാ. ജോസഫ് അരാശ്ശേരിയോടും തീരുമാനം എടുത്ത കൈക്കാരന്മാരോടും പ്രതിനിധിയോഗത്തിനോടും ഉള്ള കൃതജ്ഞത അറിയിക്കുന്നു. അതോടൊപ്പം ഈ യജ്ഞം വിജയമാക്കാൻ സഹായിച്ച അയ്യന്തോൾ ഇടവകയിലെ ദീപിക ഫ്രണ്ട്സ് ക്ലബ് (DFC) അംഗങ്ങളോടും കുടുംബകൂട്ടായ്മ ഭാരവാഹികളോടും ഉള്ള നന്ദി അറിയിക്കുന്നു.

**2500 രൂപ നൽകി വാർഷിക വരിക്കാർ ആയവർ**

1. ശ്രീ. ബൈജു ചാലിശ്ശേരി
2. പ്രൊഫ. ലോറൻസ് സി.എ.
3. ശ്രീ. കെ.ടി. വർഗ്ഗീസ്, അലൻവില്ലാ
4. ശ്രീമതി ഷിജി ഈനാശു വെളെപറമ്പിൽ
5. ശ്രീ. ജോസ് പാലത്തിങ്കൽ
6. ശ്രീ. സണ്ണി കൊച്ചപ്പൻ
7. ശ്രീ. ഇന്നീസ് തറയിൽ
8. ടോണി ജോസ് കരേരക്കാട്ടിൽ
9. ശ്രീ. ലിൻഡോ ഫ്രാങ്കോ കരേരക്കാട്ടിൽ
10. ശ്രീ. ഫ്രാൻസിസ് ആലപ്പാട്ട് പൊന്തെക്കൻ
11. ശ്രീ. സെബി വെളുത്തൂക്കാരൻ
12. ശ്രീ. ഡെൽസൻ ഡേവീസ് കരേരക്കാട്ടിൽ
13. ശ്രീ. ജേക്കബ് തോലത്ത്
14. ശ്രീ. കെ.കെ. ഡേവീസ് കരേരക്കാട്ടിൽ
15. ശ്രീ. ഷാജു കരേരക്കാട്ടിൽ

16. ശ്രീ. കെ.പി. ജോൺ കുന്നേക്കാടൻ
17. ശ്രീ അഡ്വ. ജോസ് ഡേവിസ് കാഞ്ഞിരപ്പറമ്പിൽ
18. ശ്രീ. സെബാസ്റ്റ്യൻ ഒഴുകയിൽ
19. ശ്രീ. ജോണി കൂനംപ്ലാവ്
20. ശ്രീ. ഷാജു ഇ.ഡി എടക്കളത്തൂർ
21. ശ്രീമതി. ഓമന അഗസ്റ്റിൻ മാടക്കായി

**1250 രൂപ നൽകി അർദ്ധവാർഷിക വരിക്കാരായവർ**

1. ശ്രീമതി ജെന്നിരാജ് തെക്കെക്കര
2. ശ്രീ. ആന്റോ ഇഞ്ചോടിക്കാരൻ
3. ശ്രീ. ഷാജു വടക്കൻ
4. ശ്രീ. വിൽസൺ അറങ്ങാശ്ശേരി
5. ശ്രീ. ബെഞ്ചമിൻ താണിക്കൽ
6. ശ്രീ. സെബി പുളിക്കൻ
7. അഡ്വ. ജോഷി പാച്ചൻ
8. ശ്രീ. ജെയ്സൺ കൂള
9. ശ്രീ. ആന്റോ കോടങ്കണ്ടത്ത്
10. ശ്രീ. കെ. ആർ. വിൽസൺ കൈപറമ്പിൽ
11. ശ്രീ. റോയ് ജോൺ മണലേൽ
12. ശ്രീ. ജോസ് മോഹൻ ചാലക്കൽ
13. അഡ്വ. സന്തോഷ് എലുവത്തിങ്കൽ
14. ശ്രീമതി. മേഴ്സി ജെസിന്റോ ചാലിശ്ശേരി
15. അഡ്വ. നെറ്റോ നെല്ലിശ്ശേരി

എന്ന്
**ടോണി തരകൻ** (പ്രൊമോട്ടർ)
Mob: 9447728883

# കെ.സി.വൈ.എം വാർത്തകൾ



ഓൺലൈൻ ക്ലാസ്സുകളിൽ ഫോണിന്റെ അഭാവത്താൽ പങ്കെടുക്കാൻ കഴിയാത്ത കുട്ടികൾക്കായി **'കെ.സി.വൈ.എം അയ്യന്തോൾ'** യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയ സ്മാർട്ട് ഫോൺ ചലഞ്ചിലേക്ക് പുതിയതും പഴയതുമായി ലഭിച്ച **'ഏഴ് ഫോണുകൾ'** നിർമ്മല കോൺവെന്റ് ഹെഡ്മിസ്ട്രസ് **സി. ഹിത ഫ്രാൻസിസ്** CHF ന് കൈമാറുന്നു.

# ചെറുനാരങ്ങ വീട്ടിൽ കൃഷി ചെയ്യാം



എല്ലാ തരത്തിലുള്ള മണ്ണിലും വളരാനുള്ള കഴിവ് ചെറുനാരങ്ങയുടെ തൈകൾക്കുണ്ട്. 5.5 നും 7.0 നും ഇടയിൽ പി.എച്ച് മൂല്യമുള്ള മണ്ണാണ് അനുയോജ്യം.

വാഴപ്പഴവും മാങ്ങയും കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട സ്ഥാനം തന്നെ ചെറുനാരങ്ങയ്ക്കുണ്ട്. ലോകത്തിൽ ആകെയുള്ള ഉത്പാദനത്തിൽ ആറാം സ്ഥാനത്താണ് ചെറുനാരങ്ങ. ഔഷധഗുണവും പോഷകഗുണവുമുള്ളതിനാൽ വിവിധ വിഭവങ്ങളിലും ജ്യൂസുകളിലും ചെറുനാരങ്ങ ഉപയോഗിക്കുന്നുണ്ട്. ലെമൺ റൈസ് എന്ന വേറിട്ടൊരു വിഭവം തന്നെയുണ്ട്. ധാതുക്കളും ആന്റി ഓക്സിഡന്റുകളും ഫൈറ്റോന്യൂട്രിയന്റുകളും ധാരാളം അടങ്ങിയിട്ടുള്ളതിനാൽ ചെറുനാരങ്ങ അവശ്യവസ്തു തന്നെ. രോഗപ്രതിരോധശേഷി വർധിപ്പിക്കാനാവശ്യമായ ഫ്ളവനോയിഡുകളും പൊട്ടാസ്യവും ഫോളേറ്റുകളും അടങ്ങിയ ചെറുനാരങ്ങ വീടുകളിൽ വളർത്തി വിളവെടുക്കാവുന്നതാണ്.

എല്ലാ തരത്തിലുള്ള മണ്ണിലും വളരാനുള്ള കഴിവ് ചെറുനാരങ്ങയുടെ തൈകൾക്കുണ്ട്. 5.5 നും 7.0 നും ഇടയിൽ പി.എച്ച് മൂല്യമുള്ള മണ്ണാണ് അനുയോജ്യം. നല്ല നീർവാർച്ചയുള്ളയുള്ള മണ്ണിൽ നാലാം വർഷം മുതൽ ചെറുനാരങ്ങ കായ്ച്ചു തുടങ്ങും. 15 മുതൽ 20 വർഷം വരെ വിളവെടുക്കാം. 20 ഡിഗ്രി സെൽഷ്യസിനും 25 ഡിഗ്രി സെൽഷ്യസിനും ഇടയിലുള്ള കാലാവസ്ഥയാണ് ആവശ്യം.

**പ്രധാനപ്പെട്ട ഇനങ്ങൾ**

യുറേക്ക, പഞ്ചാബ് ഗൽഗൽ, പി.എ.യു ബരാമസി, പി.എ.യു ബരാമസി1, രസ് രാജ്, ലിസ്ബൺ ലെമൺ, പാന്റ് ലെമൺ, ആസ്സാം ലെമൺ, ഇറ്റാലിയൻ ലെമൺ, മാൾട്ട ലെമൺ, ലക്നൗ സീഡ്ലെസ് എന്നിവയാണ് പ്രധാന ഇനങ്ങൾ.

**കൃഷി ചെയ്യാം**

കൃഷി ചെയ്യുന്നതിന് മുമ്പായി മണ്ണ് നന്നായി കിളച്ചൊരുക്കണം. ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള സമയമാണ് ചെറുനാരങ്ങ കൃഷി തൈകൾ നടാൻ എടുക്കേണ്ടത്.

ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 20 കി.ഗ്രാം ചാണകപ്പൊടിയും 100 മുതൽ 300 ഗ്രാം വരെ യൂറിയയും നൽകാം. ഏഴാം വർഷം മുതൽ ഒമ്പതാം വർഷം വരെ 30 കി. ഗ്രാം ചാണകപ്പൊടിയും 400 മുതൽ 500 ഗ്രാം യൂറിയയും നൽകാം. 10 വർഷത്തിൽ കൂടുതൽ വളർച്ചയുള്ള ചെടിക്ക് 100 കി. ഗ്രാം ചാണകപ്പൊടിയും 800 മുതൽ 600 ഗ്രാം യൂറിയയും നൽകാം.

അഴുകിപ്പൊടിഞ്ഞ് ചാണകപ്പൊടി ഡിസംബർ മാസത്തിലും യൂറിയ രണ്ട് ഭാഗങ്ങളായി ഫെബ്രുവരിയിലും മെയിലും നൽകുന്നതാണ് അനുയോജ്യം. ആവശ്യത്തിൽക്കൂടുതൽ നനച്ചാൽ വേര് ചീയൽ ബാധിക്കും. തണുപ്പുകാലത്ത് വളരെ മിതമായ രീതിയിൽ നനച്ചാൽ മതി. കൃത്യമായ ഇടവേളകളിലുള്ള ജലസേചനമാണ് ആവശ്യം. പ്രൂണിങ്ങ് നടത്തുമ്പോൾ തറനിരപ്പിൽ നിന്നും 50 സെ.മീ ഉയരത്തിലുള്ള ശാഖകൾ മുറിച്ചു മാറ്റണം. അസുഖം ബാധിച്ചതും ഉണങ്ങിയതും നശിച്ചതുമായ ചില്ലകൾ ഒഴിവാക്കണം.

**ചെറുനാരങ്ങയുടെ ചെടികളെ ബാധിക്കുന്ന രോഗങ്ങൾ.**

ലീഫ് മൈനർ ആണ് പ്രധാനപ്പെട്ട രോഗം. ക്വിനാൾഫോസ് 1.25 മി.ലീ അളവിൽ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ആഴ്ചയിൽ ഒരിക്കൽ തളിക്കാം.

സിട്രസ് ബ്ലാക്ക് ഫ്ളൈയും വൈറ്റ് ഫ്ളൈയും ആണ് അടുത്ത ശത്രുക്കൾ. ഒരു ലിറ്റർ വെള്ളത്തിൽ അസെഫേറ്റ് 1.25 ഗ്രാം കലക്കി തളിക്കാം.

സിട്രസ് ത്രിപ്സ്, ട്രങ്ക് ബോറെർ, ബാർക് ഈറ്റിങ്ങ് കാറ്റർപില്ലർ, മീലി മൂട്ട, ആന്ത്രാക്നോസ് എന്നിവയും ചെറുനാരങ്ങയെ ബാധിക്കുന്നു. ജൈവകീടനാശിനി ഉപയോഗിച്ച് ഇതെല്ലാം പ്രതിരോധിക്കാം.

**വിളവെടുക്കാം**

150 മുതൽ 160 വരെ ദിവസങ്ങൾ കൊണ്ടാണ് ചെറുനാരങ്ങ പൂർണ വളർച്ചയെത്തി വിളവെടുക്കുന്നത്. അഞ്ച് വർഷമാകുമ്പോൾ പഴങ്ങൾ ഉണ്ടാകാൻ തുടങ്ങും. ഒരു വർഷത്തിൽ മൂന്നോ നാലോ തവണ പറിച്ചെടുക്കാം.

അഞ്ചാം വർഷത്തിൽ ഒരു ഹെക്ടർ സ്ഥലത്ത് നിന്നും 55 മുതൽ 70 വരെ ചെറുനാരങ്ങകൾ ലഭിക്കും. എട്ടാം വർഷം ആകുമ്പോൾ 1000 മുതൽ 1500 വരെ കായകൾ ലഭിക്കും. ഒരു ചെറുനാരങ്ങച്ചെടിയുടെ ഉത്പാദന കാലയളവ് ഏകദേശം 20 വർഷമാണ്.

**അഞ്ജന ടി.ജെ**
മഡോണ യൂണിറ്റ്

# വർണ്ണചിറകുള്ള മാലാഖ

ഉഷസ്സേ, നീ പുലർന്നുവോ?
സൂര്യന്റെ തിലകം എന്നിൽ
നിറഞ്ഞ് തൂകുമ്പോഴും മനസ്സിന്റെ
അറയിലെ ഇരുട്ടിനിയെന്ന് ശമിച്ചിടും?

പാവങ്ങളാം രോഗികൾ തൻ കണ്ണീർ
നിനവിൻ ഈർപ്പം എൻ ക്ഷീരവർണ്ണ-
മാം കുപ്പായത്തിൽ പതിയും നേരം
ഞാനൊരു ദുർബലയാകുമോ?

നീയെന്നിൽ കനിവിൻ കരുണ
പൊഴിച്ചിടും നേരം ഞാൻ-
അന്യരാം മനുഷ്യർ തൻ
സ്വപ്നങ്ങൾക്ക് ചിറകുനൽകും മാലാഖയാകുന്നു.

ക്ഷീണത്ത്വത്തിൻ നേരം നീ
എന്നിൽ ശക്തിപകർന്നീടണമെ.
കലുഷിതമാം സാഗരത്തിൽ
നിന്നുമെന്നെ നീ കരകയറ്റേണമെ.

അന്യരുടെ ജീവിതത്തിൽ
പ്രത്യാശയേകുന്നവളാണു ഞാൻ
നിൻ ദിവ്യകാരുണ്യമാണെൻ ജീവിതം
നിൻ ദിവ്യസ്നേഹമാണെൻ സാന്ത്വനം.

ജഗദീശ്വരാ നിൻ ഉൾക്കണ്ണ്
തുറക്കണമെ, എന്നിൽ പതിക്കണമെ
ജീവതുടിപ്പുകൾ ഇന്ന് തകരുമ്പോൾ
എൻ ജീവിതം മൂകമായ് തീർന്നിടുന്നു.

നിൻ സമാധാനത്തിൻ മുദ്ര
ഞങ്ങളിതാ അണിയുന്നു.

# ജയ് സ്വർഗ്ഗാരോപിതരാജ്ഞി ജയ് ഭാരതമാതാ....

ഗ്രേയ്സി ജോണി
സെന്റ് തോമാസ് യൂണിറ്റ്

മൂന്നു രീതിയിലാണ് സ്വാതന്ത്ര്യത്തെ വി. ബർണാഡ് വിവരിക്കുന്നത്. ഭക്ഷണമായാലും, വസ്ത്രമായാലും, വീടായാലും ഏറ്റവും ആവശ്യത്തിന് മാത്രം കൊണ്ട് തൃപ്തിപ്പെടുക. രണ്ടാമതായി പാപത്തിൽ നിന്നും തിന്മയിൽ നിന്നും, പിശാചിൽ നിന്നും - ഈ ലോകത്തിന്റെ അധിപൻമാരിൽ നിന്നുള്ള മോചനം. മൂന്നാമത്തെ സ്വാതന്ത്ര്യമാണ് ദൈവസ്വഭാവവും. അവിടുത്തെ സദൃശ്യവും സ്വന്തമാക്കി സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള യാത്ര.

ഇങ്ങനെ നോക്കിയാൽ പരിശുദ്ധ മറിയമാണ് ഏറ്റവും സ്വതന്ത്രയായി ജീവിച്ച വ്യക്തി. ദൈവകൃപ നിറഞ്ഞവളെ സ്വസ്തി, കർത്താവ് നിന്നോടുകൂടെ എന്നുള്ള ഗബ്രിയേൽ ദൂതന്റെ വാക്കുകൾ. യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മ - ആത്മീയവും, മാനസികവുമായി സ്വയം പീഡകളേറ്റ മറിയത്തിന്റെ സഹനത്തിന്റെ മണിക്കൂറുകൾ! നിന്റെ ഹൃദയത്തിലൂടെ ഒരുവാൾ തുളച്ചുകയറും എന്ന ശിമയോന്റെ പ്രവചനത്തിന്റെ സൂചന.

ദുരാത്മാവിൽ നിന്നും വിടുതൽ കിട്ടി പരിശുദ്ധാത്മാവ് വന്ന് നിറയുന്ന അവസ്ഥ; സ്വാതന്ത്ര്യത്തിന്റെ പൂർണതയായി. ഉൽപ 3-5 - അവൾ പിശാചിന്റെ തല തകർക്കും എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. ഈ സത്യത്തിലേക്കാണ് അമ്മ നമ്മെ കൈപിടിച്ച് നയിക്കുന്നത്. പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാകും - വി. യോഹന്നാനിലൂടെ വ്യക്തമാക്കപ്പെട്ട വചനം. റോമ 10-9ൽ പൗലോശ്ലീഹായും എഴുതി. യേശു കർത്താവാണെന്ന് അധരം കൊണ്ട് ഏറ്റു പറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും.

# 8-ാം ചരമവാർഷികം

20.07.2021





## കണ്ണമ്പുഴ അന്തോണി മകൻ
## ജോസഫ്

ജനനം : 10.08.1936 മരണം : 20.07.2013



പ്രാർത്ഥനാപൂർവ്വം
കുടുംബാംഗങ്ങൾ

മഹാളി ഫാമിലി യൂണിറ്റ്

# 6-ാം ചരമവാർഷികം





പനക്കൽ പൈലുണ്ണി മകൻ

## ചുമ്മാർ

ജനനം : 16.05.1928
മരണം : 18.05.2015

പ്രാർത്ഥന

റവ. സി. റോസ്
പോൾ പനക്ക

# 11-ാം ചരമവാർഷികം





പനക്കൽ ചുമ്മാർ ഭാര്യ

## ആനി

ജനനം : 09.04.1937

മരണം : 12.06.2010

ാപൂർവ്വം :

ി പനക്കൽ A C

ൽ & ഫാമിലി

# 6-ാം ചരമവാർഷികം
05.06.2021



## ആലംപറമ്പിൽ റപ്പായി മകൻ
# ആന്റണി

ജനനം : 31.01.1941    മരണം : 05.06.2015

പ്രാർത്ഥനാപൂർവ്വം

ഭാര്യ : മേരി ആന്റണി
മക്കൾ : പോൾ, ആൻ
മരുമകൻ : സജു
പേരക്കുട്ടികൾ : അഗാത്ത, കെൻ

[illegible]
ഹോളി ഫാമിലി യൂണിറ്റ്

ദൈവത്തിന് ജന്മം കൊടുത്ത കന്യകയുടെ ശരീരം മരണത്തിന്റെ അടമത്തത്തിന് വിട്ടു കൊടുത്ത് കല്ലറയിൽ അഴുകിത്തീരരുതല്ലോ! അതിനാൽ തന്നെ അവളുടെ മരണം - ഉറക്കം, നിത്യതയിലേക്കുള്ള പോക്ക് എന്നിങ്ങനെ വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ഈ പ്രത്യേക ദാനമായ അമ്മയുടെ സ്വർഗ്ഗാരോപണം നമ്മിലും അവിടുത്തെ സന്നിധിയിലേയ്ക്കുയർത്തുമെന്നുള്ള പ്രത്യാശയാൽ നിറയട്ടെ. നമ്മുടെ നാട് സ്വതന്ത്രമായിട്ട് മുക്കാൽ നൂറ്റാണ്ട് പിന്നിട്ടു. അധികാരികളുടെയും ദുർമാർഗികളുടെയും പീഡനങ്ങളാൽ നമ്മളിന്നും അസ്വാതന്ത്രർ തന്നെ. അമ്മേ മാതാവേ അവരുടെ കണ്ണുകൾ തുറപ്പിക്കാൻ ഇനിയും വൈകരുതേ. ഞങ്ങളെ വരിഞ്ഞു മുറുക്കിയിരിക്കുന്ന ചങ്ങലകളോരോന്നും തകർക്കണമേ. സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള ഈ ജീവിതയാത്രയിൽ ഞങ്ങളെ വീണ്ടും സ്വതന്ത്രരാക്കണമേ.

## വാക്സിനേഷൻ ക്യാമ്പ്



അയ്യന്തോൾ സെന്റ്.മേരീസ് അസംപ്ഷൻ ദേവാലയത്തിലെ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ കമ്മിറ്റിയുടെ കാരുണ്യ പ്രവൃത്തനങ്ങളുടെ ഭാഗമായി ഇടവകയിലെ നിർധനരായ 100 പേർക്ക് കോവീഷീൽഡ് വാക്സിൻ ഓഗസ്റ്റ് 2 തിങ്കളാഴ്ച പള്ളി പാരീഷ് ഹാളിൽ വെച്ച് നൽകുകയുണ്ടായി. ഒളരി മദർ ആശുപത്രിയുടെ സഹകരണത്തോടെയാണ് വാക്സിൻ ക്യാമ്പ് നടത്തിയത്.

ഇടവക വികാരി റവ. ഫാ. ജെയ്സൺ പുന്നശ്ശേരി, കൈക്കാരൻമാരായ ശ്രീ. ആന്റോ ഇഞ്ചോടിക്കാരൻ, ശ്രീ. ജോസഫ് മുണ്ടശ്ശേരി, അഡ്വ. ജോസ് ഡേവീസ്, അഡ്വ. ജോഷി പാച്ചൻ, തിരുനാൾ കമ്മിറ്റി ജനറൽ കൺവീനർ ശ്രീ. ഫ്രാൻസിസ് അറങ്ങാശ്ശേരി, കേന്ദ്ര സമിതി കൺവീനർ അഡ്വ. നെറ്റോ നെല്ലിശ്ശേരി, ഇടവക കോവിഡ് ഹെൽപ്പ് ഡെസ്ക് കൺവീനർ ശ്രീ. സുരേഷ് ജേക്കബ്ബ്, മദർ ആശുപത്രി ഡയറക്ടർ ഡോ. അബ്ദുൾ ഹക്കീം, ആശുപത്രി മെഡിക്കൽ ടീം എന്നിവർ ക്യാമ്പിന്റെ പ്രവൃത്തനങ്ങൾക്ക് നേതൃത്വം നൽകി. ഇടവകയിലെ ഒരോ യൂണിറ്റുകളിൽ നിന്നുള്ള വളണ്ടിയേഴ്സും, യൂത്ത് ടീം അംഗങ്ങളും, തിരുനാൾ കമ്മിറ്റി അംഗങ്ങളും ക്യാമ്പിന്റെ വിജയത്തിനായി ഒറ്റക്കെട്ടായി പാരീഷ് ഹാളിൽ ഉണ്ടായിരുന്നു.

# ആസ്തമ രോഗവും അതിന്റെ ചികിത്സാരീതികളും





ശ്വാസകോശസംബന്ധമായ അസുഖങ്ങളിൽ ഏറ്റവും കൂടുതലായി കാണുന്ന ഒരു രോഗമാണ് ആസ്തമ അഥവാ വലിവ്. നമ്മുടെ നാട്ടിലും വിദേശത്തും ആസ്തമ മൂലം ദുരിതം അനുഭവിക്കുന്ന ധാരാളം രോഗികളുണ്ട്. ലോകത്തിൽ ഏകദേശം 300 മില്യനിൽ അധികം രോഗികളുണ്ട് എന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്, വർദ്ധിച്ചുവരുന്ന അന്തരീക്ഷ മലിനീകരണം, കാലാവസ്ഥ വ്യതിയാനങ്ങൾ, ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ എന്നിവ മൂലം ആസ്തമ രോഗികളുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചുവരികയാണ്.

**എന്താണ് ആസ്തമ?**

ആസ്തമ പ്രധാനമായും ശ്വാസകോശകുഴലുകളെ ബാധിക്കുന്ന ഒരു രോഗമാണ്. ശ്വാസകോശകുഴലുകളിലെ പേശികളുടെ അമിതമായ സങ്കോചം കൊണ്ടാണ് രോഗിയ്ക്ക് ശ്വാസതടസ്സവും വലിവും ഉണ്ടാകുന്നത്. പേശികൾ അമിതമായി സങ്കോചിക്കാനുള്ള കാരണം ശ്വാസകോശകുഴലുകളിലുണ്ടാകുന്ന നീർക്കെട്ടാണ്. ഈ നീർക്കെട്ടും പേശികളുടെ സങ്കോചവുമാണ് ആസ്തമരോഗത്തിന്റെ അടിസ്ഥാനം.

**ആസ്തമയുടെ കാരണങ്ങൾ**

എന്തുകൊണ്ടാണ് ശ്വാസകോശ കുഴലുകളിൽ നീർകെട്ട് ഉണ്ടാകുന്നത്. ഇതിന് പല പല കാരണങ്ങൾ ഉണ്ട്. ഇവയിൽ ഏറ്റവും പ്രധാനം അലർജി ആണ്. നാം ശ്വസിക്കുന്നതും, കഴിക്കുന്നതും,

ബന്ധപ്പെടുന്നതുമായ ഏതു പദാർത്ഥത്തിനും നമ്മുക്ക് അലർജി ഉണ്ടാകാം. എങ്കിലും പൊടിപടലങ്ങൾ, പൂമ്പൊടി, മാറാല, ചിലതരം ഫംഗസ് ആഹാരപദാർത്ഥങ്ങൾ, പാറ്റ, ചില സൂക്ഷ്മ ജീവികളുടെ ശരീരഭാഗങ്ങൾ എന്നിവയാണ് പ്രധാനപ്പെട്ട അലർജിയുണ്ടാക്കാവുന്ന പദാർത്ഥങ്ങൾ. ഇവ നമ്മുടെ ശ്വാസകുഴലുകളിലോ ശരീരത്തിലൊ എത്തിയാൽ അവയ്ക്കെതിരെ നമ്മുടെ ശരീരത്തിലെ പ്രതിരോധനിര ശക്തമായി പ്രതികരിക്കുകയും അവയെ ശരീരത്തിൽ നിന്നും പുറംതള്ളാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇതാണ് നീർക്കെട്ട് ഉണ്ടാക്കുന്നത്. ശ്വാസകോശകുഴലിൽ ഇത്തരം നീർക്കെട്ട് രൂപപ്പെടുമ്പോൾ ശ്വാസകോശകുഴലിലുള്ള പേശികളുടെ സങ്കോചം വർദ്ധിക്കുകയും ചുമ, ശ്വാസതടസ്സം, വലിവ് എന്നീ രോഗലക്ഷണങ്ങൾ അനുഭവപ്പെടുകയും ചെയ്യുന്നു.

**ആസ്തമ ഒരു മാറാവ്യാധിയാണൊ?**

ആസ്തമ ഒരു മാറാവ്യാധിയാണോ? ആണെന്നാണ് പലരും വിശ്വസിക്കുന്നത്. അതുതന്നെ ആയിരിക്കണം രോഗത്തെ ഭയപ്പാടോടുകൂടി കാണുന്നതിനുള്ള കാരണവും. സത്യത്തിൽ ആസ്തമയെ ഒരു രോഗമായി കാണരുത്. പൊടിപടലങ്ങളും പുകയും മറ്റും ശ്വസിക്കുമ്പോഴുള്ള ചുമയും ശ്വാസതടസ്സവും ഒരു സാധാരണ പ്രതിരോധ പ്രവർത്തി മാത്രമാണ്. ഇത് എല്ലാവരിലും കാണുന്നതുമാണ്. ആസ്തമയിൽ ഇത്തരം സങ്കോചം സാധാരണയിൽ കൂടുതലാണ്. അതോടൊപ്പം ശ്വാസകോശ കുഴലുകളിൽ നീർക്കെട്ടും ഉണ്ടാകുന്നു. ഇത് കൂടുതൽ സങ്കോചത്തിനുകാരണമാകുന്നു. ഇത്തരം അമിത പ്രതികരണത്തിനു കാരണം പാരമ്പര്യമാണ്. മാതാപിതാക്കൾക്ക് രോഗം ഉണ്ടെങ്കിൽ മക്കൾക്ക് അതിനുള്ള സാധ്യത കൂടുതലാണ്. പാരമ്പര്യത്തോടൊപ്പം പരിതസ്ഥിതിയും പ്രതികൂലമായി വന്നാൽ മാത്രമെ രോഗം ഉണ്ടാകൂ. പാരമ്പര്യമായി രോഗം വരാൻ സാധ്യത ഉള്ള വ്യക്തി പൊടിപടലങ്ങളിൽ നിന്നും മാറിനിൽക്കാൻ ശ്രദ്ധവെച്ചാൽ അവർക്ക് രോഗമെ ഉണ്ടാകുന്നില്ല അഥവാ വന്നാൽ തന്നെ വളരെ ചെറിയ തോതിൽ ആയിരിയ്ക്കും. അതിനർത്ഥം അൽപം ശ്രദ്ധവെച്ചാൽ പൂർണ്ണമായും നിയന്ത്രണത്തിലാക്കാവുന്ന രോഗമാണ് ആസ്തമ എന്നാണ്. കഠിനമായ രോഗമുള്ളവർക്ക് മരുന്നുകളും ശ്രദ്ധയോടൊപ്പം വേണ്ടിവന്നേക്കാം. ആസ്തമ ഒരു മാറാവ്യാധിയായി വൈദ്യശാസ്ത്രം കരുതുന്നില്ല. ഇത് പൂർണ്ണമായും നിയന്ത്രിക്കാവുന്ന രോഗമാണ്.

## രോഗനിർണ്ണയം എങ്ങനെ നടത്താം?

രോഗനിർണ്ണയം എളുപ്പത്തിൽ നടത്താൻ സാധിക്കുന്ന ഒരു രോഗമാണ് ആസ്തമ. സങ്കീർണ്ണങ്ങളായ ടെസ്റ്റുകളുടെ ആവശ്യം അപൂർവ്വ സന്ദർഭങ്ങളിലൊഴികെ ആവശ്യമായി വരാറില്ല. വിട്ടുമാറാത്ത തുമ്മൽ, കണ്ണുചൊറിച്ചിൽ, തൊലിപുറത്തെ അലർജി രോഗങ്ങൾ എന്നിവയുള്ള രോഗിക്ക് ചുമയും കിതപ്പും വലിവും ഉണ്ടെങ്കിൽ ആസ്തമ ആകാനുള്ള സാധ്യത കൂടുതലാണ്. എല്ലാ ചുമയും വലിവും ആസ്തമ ആകണമെന്നില്ല എന്നും നാം അറിഞ്ഞിരിയ്ക്കണം.

രോഗലക്ഷണമുള്ള രോഗികളെ പരിശോധിക്കുമ്പോൾതന്നെ ഡോക്ടർമാർക്ക് രോഗം ആസ്തമയാണോ എന്ന് മനസ്സിലാക്കാം. എങ്കിലും പല ശ്വാസകോശ രോഗങ്ങളും ചുമയും ശ്വാസതടസ്സവും കിതപ്പുമായി വരുന്നതുകൊണ്ട് എക്സ്റേ പരിശോധന ആവശ്യമായി വരും. പൾമനറി ഫംഗ്ഷൻ ടെസ്റ്റ്, അലർജി ടെസ്റ്റിങ്ങ്, അപൂർവ്വമായി സി.ടി.സ്കാൻ എന്നിവയാണ് ആസ്മരോഗനിർണയത്തിനു പ്രധാനമായ മറ്റു ടെസ്റ്റുകൾ.

## ചികിത്സാ രീതികൾ

ജീവിതശൈലിമാറ്റം: അലർജിയ്ക്കു കാരണമാകുന്ന പൊടിപടലങ്ങളിൽ നിന്നും മാറിനിൽക്കാൻ ഓരോ രോഗിയും ശ്രദ്ധിക്കേണ്ടതാണ്. കമ്പളി പുതപ്പിന്റെ പൊടിക്ക് അലർജിയുള്ള ഒരാൾ അതിൽനിന്നും മാറിനിന്നാൽ രോഗം അതുകൊണ്ടുതന്നെ പൂർണ്ണമായും ഭേദമാക്കാം. മറ്റുമരുന്നുകളുടെ ആവശ്യമില്ല. എന്നാൽ വീട്ടിലെ പൊടിപടലങ്ങൾ, പൂമ്പൊടി എന്നി പലപദാർത്ഥങ്ങൾക്ക് അലർജിയുള്ള രോഗിക്ക് അവയെല്ലാം ഒഴിവാക്കി ജീവിക്കാൻ സാധ്യമല്ല. അങ്ങനെയുള്ളവർ നിർബന്ധമായും മാസ്ക് ധരിച്ച് കഴിയുന്നത്ര ഇത്തരം പദാർത്ഥങ്ങൾ ശ്വാസകോശ കുഴലുകളിൽ എത്തുന്നതു നിയന്ത്രിക്കണം. പല രോഗികളിലും തണുപ്പ് രോഗം അധികരിപ്പിക്കുന്നതായി കാണുന്നു അതുകൊണ്ട് ഫാൻ, എസി മുതലായവയിൽനിന്നുള്ള കാറ്റ് കഴിവതും നേരിട്ട് മുഖത്തേയ്ക്ക് അടിക്കുന്നത് ഒഴിവാക്കണം. ഏസി കഴിവതും ഏറ്റവും കുറവ് ഉപയോഗിക്കുന്നതാവും അഭികാമ്യം. തണുത്ത വെള്ളം, ഐസ്ക്രീം. തണുപ്പിച്ച പാനീയങ്ങൾ എന്നിവ ഒഴിവാക്കാൻ ശ്രമിക്കണം. കൂടുതൽ തണുപ്പുണ്ടാക്കുന്ന മറ്റുഭക്ഷണ പദാർത്ഥങ്ങളും ഒഴിവാ

## വേർപാടിന്റെ 8-ാം വർഷം

27.08.2021



# ചിരിയങ്കണ്ടത്ത് തോമ ജോസ്

## (സി. ടി. ജോസ്)

അയ്യന്തോൾ, തൃശൂർ

**ജനനം : 26.09.1944 മരണം : 27.08.2013**

പ്രാർത്ഥനാപൂർവ്വം

ഭാര്യ : മേരി ജോസ്

മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

സെന്റ് ജോസഫ് യൂണിറ്റ്

# അയ്യന്തോൾ പള്ളിയിൽ നടന്ന



ഒന്നാം സ്ഥലം



രണ്ടാം സ്ഥലം



അഞ്ചാം സ്ഥലം



ആറാം സ്ഥലം



ഒൻപതാം സ്ഥലം



പത്താം സ്ഥലം



പതിമൂന്നാം സ്ഥലം



പതിനാലാം സ്ഥലം

# കുരിശ്ശിന്റെ വഴിയുടെ ദൃശ്യങ്ങൾ



മൂന്നാം സ്ഥലം



നാലാം സ്ഥലം



ഏഴാം സ്ഥലം



എട്ടാം സ്ഥലം



പതിനൊന്നാം സ്ഥലം



പന്ത്രണ്ടാം സ്ഥലം



ഗ്രൂപ്പ് ഫോട്ടോ



ഫാ. വികാരി


Wedding
24.04.2021







**HAVIS JANCO**

S/o Mrs. Thresiama Jacob &
Mr. Jacob T.C.
Tholath House,
Ayyanthole P.O., Thrissur

**CHELSY JOY**

D/o Mrs. Laly Joy &
Mr. Joy T.O.
Thokalath House,
Irinjalakuda P.O., Thrissur


Wedding
20.06.2021


BETROTHAL
12.06.2021
Navyamol & Abel Anto
D/o Mrs Annie Wilson & Wilson A.V
Arangassery House Krishna Garden
Kurinjakkal Lane P.O
Ayyanthole - 680 003
S/o Mrs Betty Anto & Anto A.A
Alookaran House Kandeswaram
P.O Arattupuzha
With Much Love From Naveen A Wilson

# 13-ാം ചരമവാർഷികം

## 21.07.2021



## കെ.പി. തോമസ് (ബ്യൂട്ടി)

കരേരക്കാട്ടിൽ ഹൗസ്

അയ്യന്തോൾ

പ്രാർത്ഥനാപൂർവ്വം

ഭാര്യ, മക്കൾ, പേരക്കുട്ടികൾ

[illegible]

ക്കുന്നതാണ് നല്ലത്. പതിവായുള്ള വ്യായാമം രോഗത്തിന്റെ കാഠിന്യം കുറയ്ക്കാൻ സഹായകരമാണെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ആസ്തമ, വ്യായാമം ചെയ്യുന്നതിന് തടസ്സമേ അല്ല.

**ഇൻഹെയിലർ ചികിത്സ**

ആസ്തമ ചികിത്സയിൽ വിപ്ലവകരമായ ഒരു മാറ്റം വരുത്തിയ ചികിത്സ രീതിയാണ് ഇത്. മരുന്നുകളെ നേരിട്ട് ശ്വാസകോശ കുഴലുകളിൽ എത്തിയ്ക്കാനുള്ള ഒരു ചെറിയ ഉപകരണമാണ് ഇൻഹെയിലർ. ഇത് ഒരു അവസാന ചികിത്സാരീതിയാണ് എന്നാണ് പലരും കരുതുന്നത്. എന്നാൽ വസ്തുത അങ്ങനെയല്ല. മരുന്നുകളുടെ അളവ് കുറച്ച് പാർശ്വഫലങ്ങൾ കുറച്ച് വേഗത്തിൽ ഫലം നൽകുന്ന ഒരു ചികിസ്ത രീതിയാണിത്. കണ്ണിൽ അസുഖത്തിൽ തുള്ളിമരുന്നുകൾ ഉപയോഗിക്കുന്നതുപോലെയാണ് ഇത് പ്രവർത്തിക്കുന്നത്.

ശ്വാസകോശത്തിലുണ്ടാകുന്ന നീർകെട്ടിന് ശ്വാസകോശകുഴലിലേക്ക് പൊടി രൂപത്തിലോ, പുകയായോ ഇൻഹേലർ ഉപകരണം വഴി മരുന്നുകൾ നേരിട്ട് എത്തിക്കുന്നു. ഇതുവഴി മരുന്നുകൾ രക്തത്തിൽ കലരുന്നതും മറ്റു ശരീരഭാഗത്തിൽ എത്തുന്നത് ഒഴിവാക്കാം.

മരുന്നുകളെ പൊടിരൂപത്തിലെത്തിക്കുന്ന ഇൻഹെയിലറുകളെ ഡ്രൈ പൗഡർ ഇൻഹെയിലർ എന്നും പുകരൂപത്തിൽ ഉള്ളതിനെ മീറ്റെർഡ് ഡോസ് ഇൻഹെയിലർ എന്നുമാണ് പറയുന്നത് തത്വത്തിൽ രണ്ടും ഒന്നുതന്നെ. സാധാരണയായി രോഗിക്ക് ഏറ്റവും അനുയോജ്യമായ രീതിയായിരിക്കും തെരഞ്ഞെടുക്കുന്നത്. എല്ലാ ഇൻഹെയിലറുകളും ഒന്നല്ല. ഓരോ ഇൻഹെയിലറിലും വ്യത്യസ്തമായ മരുന്നുകളാണ് ഉപയോഗിക്കുന്നത്. പൊതുവിൽ ആസ്തമ ചികിത്സയിൽ ഉപയോഗിക്കുന്ന മരുന്നുകളെ രണ്ടായി തരം തിരിച്ചിരിക്കുന്നു.

1. ശ്വാസകോശകുഴലുകളിലെ നീർക്കെട്ടു കുറയ്ക്കാനുതകുന്ന സ്റ്റീറോയിഡ് അടങ്ങിയ ഇൻഹെയിലറുകൾ
2. ശ്വാസകോശകുഴലുകളിലെ പേശികളുടെ സങ്കോചം കുറയ്ക്കുന്ന മരുന്നുകൾ ഉള്ള ഇൻഹെയിലറുകൾ.

ഇതിൽ ഒന്നാം വിഭാഗത്തിൽ പെടുന്ന ഇൻ ഹെയിലറുകൾ രോഗം വരാതിരിക്കാൻ ഉപയോഗിക്കുന്നവയാണ് അതുകൊണ്ട് തുടർച്ചയായി ഉപയോഗിച്ചാൽ മാത്രമെ പ്രയോജനമുണ്ടാകൂ. എന്നാൽ രണ്ടാം വിഭാഗത്തിൽ പെടുന്നവ രോഗം അധികരിയ്ക്കുമ്പോൾ മാത്രം ഉപയോഗിക്കേണ്ടവയാണ് അത് തുടർച്ചയായി ഉപയോഗിയ്ക്കാൻ പാടില്ലാത്തവയാണ്. ഈ രണ്ടുമരുന്നുകളും ആസ്തമ ചികിത്സയിൽ ആവശ്യമായതുകൊണ്ട് രണ്ടുംകൂടി ചേർന്ന ഇൻഹെയിലറുകളാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ഇതും തുടർച്ചയായി ഉപയോഗിക്കേണ്ടവയാണ്. രോഗലക്ഷണങ്ങൾ കുറഞ്ഞാലും ഇൻഹെയിലറുകൾ തുടർച്ചയായി ഉപയോഗിച്ചാൽ മാത്രമെ രോഗം വരാതിരിക്കുകയുള്ളു. എത്രനാൾ ഇങ്ങനെ തുടരണമെന്നു ചികിത്സിക്കുന്ന ഡോക്ടറാണ് തീരുമാനിക്കേണ്ടത്.

**ആസ്തമ നിയന്ത്രണത്തിനു ഗുളികൾ ഉണ്ടോ?**

എല്ലാ രോഗികൾക്കും ഇൻഹെയിലർ ചികിത്സ ആവശ്യമില്ല. തുടർച്ചയായി രോഗലക്ഷണങ്ങൾ കാണിക്കുമ്പോൾ മാത്രമാണ് ഇൻഹെയിലർ ചികിത്സ ആവശ്യമായി വരിക. വല്ലപ്പോഴും രോഗലക്ഷണങ്ങൾ കാണിക്കുന്നവർക്ക് ഗുളികകൾ മതിയാകും. ഗുളികകൾ പല വിഭാഗത്തിൽ പെടുന്നവയാണ്. ഒരു കാരണവശാലും സ്റ്റിറോയിഡ് ഗുളികകൾ ഡോക്ടറുടെ നിർദ്ദേശമില്ലാതെ തുടർച്ചയായി വാങ്ങി കഴിയ്ക്കരുത്.

**അലർജിടെസ്റ്റും അലർജി ചികിത്സയും**

2 പതിറ്റാണ്ടു മുമ്പ് വളരെ പ്രചാരത്തിലുണ്ടായിരുന്ന ചികിത്സാരീതി ആയിരുന്നു ഇത്. ആസ്തമയ്ക്ക് കാരണമായ അലർജി പദാർത്ഥങ്ങളെ കണ്ടുപിടിച്ച് അവ ചെറിയ അളവിൽ കുത്തിവെച്ച് നമ്മുടെ അലർജി ഇല്ലാതാക്കുന്ന ചികിത്സാരീതിയാണിത്. ആസ്തമയ്ക്ക് ഫലപ്രദമായ ചികിത്സാരീതികൾ വന്നപ്പോൾ ഇതിന്റെ ആവശ്യകത കുറഞ്ഞു എന്നുമാത്രം. കലശലായ അലർജി ഉള്ളവർക്കും ആസ്തമയ്ക്ക് ഉപയോഗിക്കുന്ന മരുന്നുകൾക്ക് അലർജി ഉള്ളവർക്കും, അവ പ്രയോജനപ്പെടാത്ത സന്ദർഭങ്ങളിലും ഈ ചികിത്സാരീതി ഇന്നും ഉപയോഗപ്പെടുത്താവുന്നതാണ്. രക്തം പരിശോധിച്ച് അലർജി നിർണ്ണയം നടത്തുന്നതിനേക്കാൾ തൊലിപുറത്തു കുത്തിവെച്ച് ടെസ്റ്റുചെയ്യുന്നതാണ് കൂടുതൽ

ഫലപ്രദം.

**മറ്റു ചികിത്സാരീതികൾ**

ആസ്തമ ചികിത്സാരീതികൾ പാടെ മാറാൻ തയ്യാറെടുക്കുകയാണ്. ഓരോ ആസ്തമാ രോഗിയേയും രോഗലക്ഷണത്തിന്റെയും രക്തപരിശോധനയുടെയും അടിസ്ഥാനത്തിൽ തരം തിരിച്ച് അവർക്ക് ഏറ്റവും പ്രയോചനകരമായ മരുന്നുകൾ മാത്രം നൽകുക എന്നതാണ് നൂതന ചികിത്സാരീതി. ഇത് ഇൻഹെയിലറുകളാകാം, മാസത്തിലൊരിക്കലോ രണ്ടു മാസത്തിലൊരിക്കലോ നൽകുന്ന ബയോളജിക് കുത്തിവെപ്പുകളാകാം, അല്ലെങ്കിൽ ശ്വാസകോശ കുഴലുകളിലെ പേശികളെ കനംകുറക്കുന്ന തെർമോപ്ലാസ്റ്റി (Thermoplasty) ആകാം. ചികിത്സിക്കുവാൻ ബുദ്ധിമുട്ടുള്ള മരുന്നുകൾ ഏൽക്കാത്ത കഠിനമായ രോഗം ഉള്ളവർക്കാണ് നൂതന ചികിത്സാരീതികൾ കൂടുതൽ പ്രയോജനകരമാകുക.

ജീവിതശൈലിയിൽ മാറ്റം വരുത്തുകയും ഡോക്ടർ നിർദ്ദേശിക്കുന്നതുപോലെ മരുന്നുകൾ കഴിക്കുകയും ചെയ്യുന്നവർക്ക് പൂർണ്ണമായും നിയന്ത്രിക്കാവുന്ന രോഗമാണ് ആസ്തമ. രോഗത്തിന്റെ കാഠിന്യം ഓരോ രോഗിയിലും വ്യത്യസ്തമായിരിക്കും. രോഗകാഠിന്യം അനുസരിച്ചായിരിക്കും മരുന്നുകൾ നിശ്ചയിക്കുക. പാർശ്വഫലങ്ങളില്ലാതെ ഒരു സാധാരണജീവിതം സാധ്യമാക്കുക എന്നതാണ് ചികിത്സയുടെ കാതലായ തത്വം.

ലിറ്റിൽ ഫ്ലവർ കുടുംബ കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ

## ഓണത്തിന് ഒരു മുറം പച്ചക്കറി വിത്ത് വിതരണം ചെയ്തു.





# മകന്റെ പ്രാർത്ഥനയുടെ ഫലം

## തമിഴ്നാട് – തിരുപ്പൂർ ദേശത്ത്

**അഡ്വ. നെറ്റോ നെല്ലിശ്ശേരി**
സെന്റ് തോമസ് യൂണിറ്റ്



ഗാർമെന്റ് കമ്പനിയുടെ ഉടമസ്ഥനായിരുന്ന വ്യക്തി മലക്കപ്പാറ-ചാലക്കുടി റോഡിൽ മാരുതി കാറിൽ ഡ്രൈവറോടൊപ്പം യാത്ര ചെയ്തു വരവേ 16.07.1997 പുലർച്ചെ 3.30 മാന് അതിരപ്പിള്ളി ഭാഗത്തുവച്ച് തുണികൾക്ക് നിറം ചേർക്കുന്ന വിഷാംശമായ ദ്രാവകം സഹയാത്രികയെ നിർബന്ധപൂർവ്വം കുടിപ്പിക്കുകയും മരണാസന്നയായ അവരെ അതിരപ്പിള്ളി താഴ്ചയിലേക്ക് വലിച്ചെറിയുകയും ചെയ്തു. പക്ഷേ വള്ളികളിൽ കുടുങ്ങിക്കിടന്ന അവളെ നാട്ടുകാരായ സമീപവാസികൾ കണ്ടെത്തി ആശുപത്രിയിൽ കൊണ്ടുപോയി. വിദഗ്ദ ചികിത്സ നൽകി രക്ഷപ്പെടുത്തി. കേസ്സിന്റെ വിചാരണ നടന്നു. സാക്ഷികളെ വിസ്തരിക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു. സെഷൻസ് കോടതി നാല് വർഷം പ്രതികൾക്ക് കഠിനതടവ് വിധിച്ചു. തുടർന്ന് ശിക്ഷിക്കപ്പെട്ട പ്രതികൾ ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചു.

വർഷങ്ങൾക്കുശേഷം പ്രതികൾക്ക് ജാമ്യം നിന്നവർക്ക് പ്രതികളെ കോടതിയിൽ ഹാജരാക്കുവാൻ കല്പന വന്നു. എന്നാൽ പ്രതികൾ തമിഴ്നാട്ടിൽ ഒളിവിൽ ആണെന്നും ഹാജരാകാൻ ബുദ്ധിമുട്ടാണെന്നും പറഞ്ഞപ്പോൾ, ഭീമമായ സംഖ്യ കോടതിയിൽ ജാമ്യത്തുകയായി കെട്ടി വെയ്ക്കേണ്ടിവരുമെന്ന് ജാമ്യക്കാരെ ബോദ്ധ്യപ്പെടുത്തി. തുടർന്ന് നീണ്ട തിരച്ചിലിനൊടുവിൽ ഒന്നാം പ്രതിയുടെ മകനെ കണ്ടെത്തി. എന്റെ ഓഫീസിൽ വന്ന അവൻ ഇപ്പോഴത്തെ നിജസ്ഥിതികൾ വിവരിച്ചു പറഞ്ഞു.

ഒന്നാം പ്രതി ശരീരം ഒന്ന് അനക്കാൻപോലും പറ്റാത്ത വിധത്തിൽ തളർന്ന് കിടപ്പിലാണ്. ആഹാരം പോലും മൂക്കിൽക്കൂടി കൊടുക്കേണ്ടിവരുന്നു. തലയിൽ സ്ട്രോക്ക് വന്ന് ആരേയും തിരിച്ചറിയാനാവാത്ത അവസ്ഥ. പരസഹായമില്ലാതെ ഒന്നും സാധിക്കില്ല. ജീവച്ഛവമായി കിടക്കുന്ന പിതാവ്. എല്ലാം കേട്ടപ്പോൾ മകന്റെ നിസ്സഹായാവസ്ഥ എനിക്ക് ശരിക്കും ബോധ്യപ്പെട്ടു.

ആ മകന്റെ അപേക്ഷ ഇതായിരുന്നു. എങ്ങിനെയെങ്കിലും ശിക്ഷ ഒഴിവാക്കാൻ സാധിക്കുമോ. എന്നാൽ സാക്ഷിമൊഴികൾ രേഖാമൂലം ശക്തമായി ഉള്ളതിനാൽ ആണ് ഈ കോടതി ശിക്ഷിച്ചത്. എങ്കിലും ആ മകന്റെ ദുരവസ്ഥ മനസ്സിലാക്കിയപ്പോൾ ഞാൻ പറഞ്ഞു. നിലവിലുള്ള നിയമങ്ങൾ പ്രതികളെ ശിക്ഷിക്കുന്നതും ജയിലിൽ പാർപ്പിക്കുന്നതും നല്ല വ്യക്തികളായി സമൂഹത്തിന് ഗുണകരമായ രീതിയിൽ പ്രവർത്തിക്കുന്നതിനുമാണ്. എന്നാൽ ഇപ്പോഴത്തെ അവസ്ഥയിൽ നിങ്ങളുടെ അപ്പന് ശിക്ഷയെക്കുറിച്ച് അറിവോ ബോധ്യമോ ഇല്ല. അതുകൊണ്ട് ശിക്ഷയിൽ നിന്ന് ഒഴിവാക്കാൻ ഒരപേക്ഷ കൊടുക്കാമെന്നുറപ്പു നൽകി. ഹൃദയം നുറുങ്ങിയ അവന്റെ അപേക്ഷ ഒരു പ്രാർത്ഥനയായ് സെഷൻസ് കോടതിയിൽ ഫയലാക്കി. രേഖകൾ പരിശോധിച്ച കോടതി കേസ്സിൽ ശിക്ഷിച്ച പ്രതിക്ക് യാതൊരു പരിഗണനയും ഇല്ലെന്നും ഈ കോടതിക്ക് ഒന്നും ചെയ്യാനില്ലെന്നും പറഞ്ഞ് തള്ളി.

എന്നാൽ കേസ് പരിഗണിച്ച ബഹു. കേരള ഹൈക്കോടതി രേഖകളും, ഫോട്ടോയും, മെഡിക്കൽ സർട്ടിഫിക്കറ്റും കണ്ടെങ്കിലും, ഒന്നാം പ്രതി കുറ്റം ചെയ്തതാണെന്നും ശിക്ഷ ശരിവയ്ക്കേണ്ടതാണെങ്കിലും, ഇപ്പോഴത്തെ 1-ാം പ്രതിയുടെ അവസ്ഥ പരിഗണിച്ചും, ശിക്ഷ അനുഭവിക്കാനുള്ള മാനസികവും, ശാരീരികവുമായ അവസ്ഥ അനുവദിക്കുന്നില്ലെന്നും കണ്ട് 1 ലക്ഷം രൂപ പിഴ അടയ്ക്കാനും അത് ഇരക്ക് നൽകുന്നതിനും വിധിയായി. വിവരം അറിഞ്ഞപ്പോൾ ഞാനവനോട് പറഞ്ഞു നീ നല്ല ഒരു മകനാണെന്നും, നിന്റെ പ്രാർത്ഥന ദൈവം കേട്ടു എന്നും അവൻ അതീവ സന്തോഷത്തോടെ ഓഫീസിൽ നിന്നും പോകുന്നത് ഞാൻ നോക്കിനിന്നു. അതേ, ദൈവത്തിന്റെ കാരുണ്യം വറ്റിയിട്ടില്ല. ഞാൻ മനസ്സിൽ പറഞ്ഞു.

# ജീവന്റെ കാവൽക്കാർ

**ജിതിൻ ജോജു**
സെന്റ് ജോൺസ് യൂണിറ്റ്

"ദൈവം മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തു. അതുവഴി മനുഷ്യൻ ജീവനുള്ളവനായി", എന്ന് വചനത്തിലൂടെ നാം കേട്ടിട്ടുണ്ട്. ഉത്പത്തി പുസ്തകത്തിൽ ആദത്തിന് ജീവൻ നൽകുന്നതിന് മുമ്പുള്ള വചനമാണിത്. ഇതിൽ നിന്നും, ജീവൻ ദൈവത്തിന്റെ ദാനമാണെന്ന് വ്യക്തമാകുന്നു. എന്നാൽ ദൈവം നൽകിയ ജീവൻ ഇല്ലാതാക്കാൻ മനുഷ്യനു അധികാരം ഉണ്ടോ എന്നതാണ് ഇവിടെ സംശയം!

ഉത്തരത്തിലേക്ക് വരുന്നതിനുമുൻപ് ഉൽപത്തിയിലെ തന്നെ ആബേലിന്റേയും കായേന്റേയും കഥയിലേക്ക് നമ്മുക്ക് പോകാം. തന്റെ ആഗ്രഹങ്ങൾ സഫലമാകാതിരിക്കാൻ കാരണം സ്വന്തം സഹോദരൻ ആബേൽ ആണെന്ന് കായേൻ കരുതുന്നു. തന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ വിലങ്ങുതടി ആയി നിൽക്കുന്നത് ആബേൽ ആണെന്ന് ചിന്തിക്കുന്നു, അവനെ കൊന്നു കളയുന്നു. ഇവിടെ ദൈവം കായേനോട് ചോദിക്കുന്ന ഭാഗം പ്രസക്തമാണ്. "നിന്റെ സഹോദരൻ ആബേൽ എവിടെ?", കായേൻ മറുപടി പറയുന്നു: "എന്റെ സഹോദരന്റെ കാവൽക്കാരനാണോ ഞാൻ?"

ഭൂമിയിലെ ഏറ്റവും സുരക്ഷിതമായ സ്ഥലം ഏതെന്ന് ചോദിച്ചാൽ ഒട്ടും മടിയ്ക്കാതെ തന്നെ നമ്മുക്ക് പറയാം, അത് അമ്മയുടെ ഗർഭപാത്രമാണെന്ന്; അതിന്റെ കാരണം, അമ്മ സ്വന്തം കുഞ്ഞുങ്ങൾക്കുവേണ്ടി അത്രമാത്രം കരുതലും സ്നേഹവും ഉറപ്പുവരുത്തും എന്ന വിശ്വാസമാണ്. ഭ്രൂണഹത്യയിലൂടെ ഈ വിശ്വാസത്തിലാണ് ആദ്യം കത്തി വയ്ക്കുന്നത്. നമ്മളെ ഒരാൾ അപായപ്പെടുത്താൻ ശ്രമിച്ചാൽ, നമ്മുടെ മുഴുവൻ ശക്തിയുമെടുത്ത് നമ്മൾ ചെറുത്തു നിൽക്കാൻ നോക്കില്ലേ? ഒന്നും പറ്റിയില്ലെങ്കിൽ ഓടി രക്ഷപ്പെടുകയെങ്കിലും ചെയ്യും. എന്നാൽ തനിക്കുനേരെ വരുന്നത് കൊലക്കത്തിയാണെന്ന് പോലും തിരിച്ചറിയാനാവാതെ അമ്മയുടെ ഉദരത്തിൽ നിസ്സഹായനായ് കിടക്കുന്ന ശിശു

വിനെ വധിക്കുന്ന ക്രൂരതയെ എങ്ങനെയാണ് നമ്മുക്ക് പ്രോത്സാഹിപ്പിക്കാൻ സാധിക്കുക?

“മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനു
മുമ്പേ, ഞാൻ നിന്നെ അറിഞ്ഞു.
ജനിക്കുന്നതിനുമുമ്പേ, ഞാൻ നിന്നെ വിശുദ്ധീകരിച്ചു.”

ആദ്യനൂറ്റാണ്ട് മുതൽ തന്നെ സഭ ഗർഭച്ഛിദ്രത്തെ എതിർത്ത് മുന്നോട്ട് വന്നിട്ടുണ്ട്. മനുഷ്യജീവൻ ഗർഭധാരണത്തിന്റെ നിമിഷം മുതൽ ആദരിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം. ആ നിമിഷം മുതൽ തന്നെ മനുഷ്യജീവനെ ഒരു വ്യക്തിയുടെ അവകാശങ്ങൽ നൽകി അംഗീകരിക്കണമെന്നും സഭ പഠിപ്പിക്കുന്നുണ്ട്. സഭാപിതാക്കൻമാരുടെ പഠനങ്ങളും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളും ഇവ ശരി വയ്ക്കുന്നതാണ്. “കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും” എന്ന് സങ്കീർത്തകൻ പറഞ്ഞു വയ്ക്കുന്നതും മനുഷ്യജീവന്റെ മൂല്യത്തെക്കുറിച്ചാണ്.

നമ്മുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും എല്ലാം നേടിയെടുക്കുക തന്നെവേണം. അതിനുവേണ്ടി ദാഹിക്കുകയും പ്രാർത്ഥിക്കുകയും അദ്ധ്വാനിക്കുകയും വേണം. അല്ലാതെ മുൻവിധിയോടെ കാര്യങ്ങളെ സമീപിക്കുകയും, മുൻപിലുള്ളത് തടസ്സങ്ങളാണോ, ചവിട്ടുപടികളാണോ എന്ന് ചിന്തിക്കാതെ എല്ലാം ഇടിച്ചു നിരത്തി മുന്നേറുകയും ചെയ്യുന്നതിൽ എന്ത് നന്മയാണുള്ളത്? കൊലചെയ്യാൻ കായേൻ തീരുമാനിക്കുന്നതിനു മുൻപ്, ദൈവം കായേന് മുന്നറിയിപ്പ് നൽകുന്ന രംഗമുണ്ട്.

“നല്ലത് ചെയ്യുന്നില്ലെങ്കിൽ പാപം വാതിക്കൽ തന്നെ പതിയിരിപ്പുണ്ടെന്ന് നീ ഓർക്കണം. അത് നിന്നിൽ താൽപര്യം വച്ചിരിക്കുന്നു. നീ അതിനെ കീഴടക്കണം.”

ഈ ഒരു അവസ്ഥയിലൂടെ തന്നെയാണ് നമ്മിൽ പലരും കടന്നുപോകാറുള്ളത്. നന്മ ചെയ്ത് പാപത്തെ കീഴടക്കി വിജയം കൈവരിക്കുമ്പോൾ അല്ലേ അതിന് കൂടുതൽ മധുരം ഉണ്ടാകുക? നമുക്ക് ആത്മാവിൽ ആനന്ദിക്കാൻ സാധിക്കുക? ജീവൻ ദൈവത്തിന്റെ ദാനമാണെന്ന ബോധ്യത്തോടെ ജീവിക്കാനും ജീവനെ ബഹുമാനിക്കാനും, സംരക്ഷിക്കാനും നമുക്ക് സാധിക്കട്ടെ.

■



# പരിശുദ്ധാത്മാവ്

**ഷാന്റി ഷീജോ**
സെന്റ് തോമസ് യൂണിറ്റ്

മേയ്മാസം എന്ന് പറഞ്ഞാൽ മാതാവിന്റെ വണക്കമാസം എന്നത് നമ്മുടെ ഹൃദയങ്ങളിൽ പതിഞ്ഞുകിടക്കുന്നതാണ്. ആരാധന ക്രമവത്സരത്തിലെ വളരെ പ്രാധാന്യമുള്ള, നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായി നില്ക്കുന്ന ഈശോയുടെ സ്വർഗ്ഗാരോഹണതിരുനാൾ, പന്തക്കുസ്തതിരുനാൾ, പരിശുദ്ധത്രിത്വത്തിന്റെ തിരുനാൾ ഈ വർഷം മെയ്മാസത്തിൽതന്നെ ആഘോഷിക്കപ്പെടുന്നുണ്ട്. ഈ തിരുന്നാളുകൾക്ക് അർഹിക്കുന്ന പ്രാധാന്യം നമ്മൾ കൊടുക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈശോയുടെ സ്വർഗ്ഗാരോഹണം കഴിഞ്ഞ് ഉന്നതത്തിൽനിന്ന് ശക്തി സ്വീകരിക്കുന്നതുവരെ, ഭയചകിതരെങ്കിലും ശിഷ്യഗണം നഗരത്തിൽ പാർത്തു. അവർക്ക് ധൈര്യമായി പരിശുദ്ധാത്മാവിന്റെ മണവാട്ടിയായ പരിശുദ്ധ അമ്മ അവരുടെ കൂടെയുണ്ടായിരുന്നു. പത്താം ദിവസം, പരിശുദ്ധാത്മാവ് അഗ്നിനാവുകളായി അവരുടെ മേൽ പറന്നിറങ്ങാൻ പരിശുദ്ധ അമ്മയുടെ ശക്തമായ മാദ്ധ്യസ്ഥം ഉണ്ടായിരുന്നു എന്നത് നിസ്തർക്കമാണ്.

പീഡാസഹനദിനങ്ങളിലേക്ക് പ്രവേശിക്കുന്നതിനു മുൻപേ, പരിശുദ്ധാത്മാവിനെ സഹായകൻ, സത്യാത്മാവ് എന്നീ സംജ്ഞ (യോഹ. 15:16 & 26, 16:7 & 13) കളാൽ ഈശോ പരിചയപ്പെടുത്തുന്നുണ്ട്. തിരുസ്സഭ പരികർമ്മം ചെയ്യുന്ന കൂദാശകളിലൂടെയും കൂദാശ നുകരണനങ്ങളിലൂടെയും നമ്മിലേക്ക് വർഷിക്കപ്പെടുന്ന പരിശുദ്ധാത്മാവ്, നമ്മൾ ചെയ്തുകൂട്ടുന്ന ലഘുപാപങ്ങളും മാരകപാപങ്ങളുംവഴി നിർവീര്യമാക്കപ്പെട്ട്, നമ്മൾ ഫലം (ഗല 5:22) പുറപ്പെടുവിക്കാത്ത അവസ്ഥയിലേക്ക് നീങ്ങുമ്പോൾ, കരിന്തിരി കത്തി തുടങ്ങിയ പരിശുദ്ധാത്മ അഗ്നിനാളത്തെ ഉജ്ജ്വലിപ്പിക്കുവാൻ ഒരുക്കത്തോടെയുള്ള പന്തക്കുസ്ത തിരുന്നാളാഘോഷം

# 1st Anniversary In Heaven





**Mrs. Veronica Davies**

W/o Kuruthukulangara
Pellissery Davies

Born : 14.05.1939 Died : 01.09.2020

*Always Treasured in
Our Memory*

*Sorrowing Family*

St. Pauls Unit

അയ്യന്തോൾ സെന്റ് മേരീസ് അസംപ്ഷൻ ദൈവാലയത്തിൽ
പരിശുദ്ധ സ്വർഗ്ഗാരോപിത മാതാവിന്റെ

# തിരുനാൾ ആഘോഷം

2021 ആഗസ്റ്റ് 8 മുതൽ 15 വരെ

പ്രിയ ഇടവക അംഗങ്ങളേ,

അയ്യന്തോൾ സെന്റ് മേരീസ് അസംപ്ഷൻ ദൈവാലയത്തിൽ ഇടവക മദ്ധ്യസ്ഥയായ പരിശുദ്ധ സ്വർഗ്ഗാരോപിത മാതാവിന്റെ തിരുനാൾ 2021 ആഗസ്റ്റ് 8 മുതൽ 15 വരെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആഘോഷിക്കുകയാണ്. തിരുനാൾ കൊടികയറ്റം ആഗസ്റ്റ് 8 നും തുടർന്നുള്ള നവനാൾ ദിനങ്ങളും ആഗസ്റ്റ് 15 ന് പ്രധാന തിരുനാൾ ദിനവുമായിരിക്കും. ഇടവകയിൽനിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് കുടുംബകൂട്ടായ്മ ഭാരവാഹികൾ അറിയിക്കുന്നതുപോലെ ഇടവകജനത്തിന് തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാവുന്നതാണ്. കോവിഡ്-19 മഹാമാരിയുടെ ഈ കാലഘട്ടത്തിൽ പരിശുദ്ധ അമ്മയുടെ സഹായവും മാദ്ധ്യസ്ഥവും നമുക്ക് എപ്പോഴും ലഭിക്കുന്നതിനായി ദിവ്യബലികളിലും പ്രാർത്ഥനകളിലും നേരിട്ടും സമൂഹമാധ്യമങ്ങൾ വഴിയും പങ്കെടുക്കാം. മുൻകാലങ്ങളിൽ നൽകിവന്ന പ്രോത്സാഹനങ്ങൾ നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് ഏവരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

എന്ന്,
റവ. ഫാ. ജെയ്സൺ പുന്നശ്ശേരി (വികാരി)

| | | |
|---|---|---|
| കൈക്കാരന്മാർ | : | ശ്രീ. ആന്റോ ഇഞ്ചോടിക്കാരൻ |
| | : | ശ്രീ. ജോസഫ് മുണ്ടശ്ശേരി |
| | : | അഡ്വ. ജോഷി പാച്ചൻ |
| | : | അഡ്വ. ജോസ് ഡേവീസ് |
| ജനറൽ കൺവീനർ | : | ശ്രീ. വിൽസൺ കെ.ആർ. |
| കൺവീനർമാർ | : | റവ. സി. കാതറിൻ CHF |
| | : | അഡ്വ. നെറ്റോ നെല്ലിശ്ശേരി |
| | : | ശ്രീ. ജോബി ചിറ്റിലപ്പിള്ളി |
| | : | ശ്രീമതി. മേരി ലാസർ കോനിക്കര |
| | : | ശ്രീ. ടോണി തരകൻ |
| | : | ശ്രീ. ജോസഫ് കാഞ്ഞിരത്തിങ്കൽ |
| | : | ശ്രീ. ഫ്രാൻസിസ് അറങ്ങാശ്ശേരി |

# തിരുനാൾ ദിനങ്ങൾ

**ആഗസ്റ്റ് 08 ഞായർ**

| | |
|---|---|
| | : **കൊടികയറ്റം** |
| 6.30 a.m | : വി. കുർബ്ബാന |
| കാർമ്മികൻ | : **റവ. ഫാ. ജെയ്സൺ പുന്നശ്ശേരി** (വികാരി) |
| നേതൃത്വം | : കുടുംബകൂട്ടായ്മ പ്രസിഡന്റുമാർ 15 പേർ |

## നവനാൾ ദിനങ്ങൾ
## 09.08.2021 തിങ്കൾ മുതൽ 14.08.2021 ശനി വരെ

| | |
|---|---|
| 6.30 am | : വി. കുർബ്ബാന |
| കാർമ്മികൻ | : **റവ. ഫാ. ജെയ്സൺ പുന്നശ്ശേരി** (വികാരി) |
| നേതൃത്വം | : കുടുംബകൂട്ടായ്മകൾ |

| | |
|---|---|
| *09.08.2021* | *: സെന്റ് ജോസഫ്, സെന്റ് ആന്റണീസ് കൂട്ടായ്മകൾ* |
| *10.08.2021* | *: ലിറ്റിൽ ഫ്ളവർ, ഹോളി ഫാമിലി കൂട്ടായ്മകൾ* |
| *11.08.2021* | *: സെന്റ് അൽഫോൻസ, സെന്റ് മേരീസ് കൂട്ടായ്മകൾ* |
| *12.08.2021* | *: ഹോളി ട്രിനിറ്റി, ക്രിസ്തുരാജ കൂട്ടായ്മകൾ* |
| *13.08.2021* | *: സെന്റ് തോമസ്, സെന്റ് സേവിയേഴ്സ് കൂട്ടായ്മകൾ* |
| *14.08.2021* | *: സെന്റ് പീറ്റേഴ്സ്, സെന്റ് ജോൺസ് കൂട്ടായ്മകൾ* |
| *15.08.2021* | *: ഞായർ - തിരുനാൾ ദിനം* |

| | |
|---|---|
| 6.30 am - 8.00 am | : വി. കുർബ്ബാന |
| കാർമ്മികൻ | : **റവ. ഫാ. ജെയ്സൺ പുന്നശ്ശേരി** (വികാരി) |
| നേതൃത്വം | : കുടുംബകൂട്ടായ്മകൾ |
| 15.08.2021 | : (6.30 am) മഡോണ, സെന്റ് സെബാസ്റ്റ്യൻ കൂട്ടായ്മകൾ, |
| | : (8.00 am) സെന്റ് പോൾസ് കൂട്ടായ്മ |
| 10 am | : ആഘോഷമായ വി. കുർബ്ബാന |
| കാർമ്മികൻ | : **മോൺ. ജോസ് വല്ലൂരാൻ** |
| | വികാരി ജനറാൾ, തൃശ്ശൂർ അതിരൂപത |

ദിവ്യബലിക്ക് ശേഷം വൈദികമന്ദിരത്തിന് താഴെയുള്ള ഹാളിന്റെ ആശീർവാദം നടത്തുന്നതാണ്.

14.08.2021 ശനിയാഴ്ച കുർബാനയ്ക്ക് ശേഷം കൂടുതുറക്കൽ ശുശ്രൂഷയും മാതാവിന്റെ പുതിയ രൂപക്കൂട് വെഞ്ചിരിപ്പും ഉണ്ടായിരിക്കും.

തിരുനാൾ നേർച്ച 13.08.2021 വെള്ളിയാഴ്ച എല്ലാ വീടുകളിലും എത്തിക്കുവാൻ കുടുംബ കൂട്ടായ്മ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കണം.

തിരുനാൾ കുർബ്ബാന തൽസമയ സംപ്രേക്ഷണം City Channel No. 2 (Kerala Vision) ലും Ayyanthole Parish എന്ന യൂട്യൂബ് ചാനലിലും ലൈവ് ഉണ്ടായിരിക്കുന്നതാണ്.

തിരുനാൾ ദിനത്തിൽ ദിവ്യബലി ഇല്ലാത്ത സമയത്ത് ദൈവാലയത്തിൽവന്ന് പ്രാർത്ഥിക്കുന്നതിനും തിരുസ്വരൂപങ്ങൾ വണങ്ങുന്നതിനും നേർച്ച - കാഴ്ചകൾ അർപ്പിക്കുന്നതിനും അവസരം ഉണ്ടായിരിക്കും.

# Sangeerthanam Tower

Events Hall





PEARL, GROUND FLOOR NON A/C HALL



RUBY, 1st FLOOR A/C HALL



COREL, 2nd FLOOR NON A/C HALL

വിവാഹം, വിവാഹ നിശ്ചയം, വാർഷികം, ജന്മദിനം
മാമോദീസ, സെമിനാറുകൾ, കമ്പനി മീറ്റിങ്ങുകൾ എന്നീ
പരിപാടികൾക്ക് ഹാൾ വാടകയ്ക്ക് നൽകുന്നു.

## Sangeerthanam Tower

Near St. Mary's Assumption Church
Ayyanthole, Thrissur - 680 003
Tel : 9447002763, 9847441111

നമ്മെ സഹായിക്കും.

വി.യോഹന്നാൻ 16:5-15, അപ്പ.പ്ര. 1:8 വചനങ്ങൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. പരിശുദ്ധാത്മാവ് - പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും നമ്മെ ബോധ്യപ്പെടുത്തും. സത്യത്തിന്റെ പൂർണ്ണതയിലേക്ക് നമ്മെ നയിക്കും. വരാനുള്ള കാര്യങ്ങൾ നമ്മെ അറിയിക്കും. നമ്മെ ശക്തിപ്പെടുത്തും. കുടുംബത്തിലും സമൂഹത്തിലും ലോകാതിർത്തിയോളം നമ്മെ ഈശോയുടെ സാക്ഷികളാക്കിമാറ്റും.

നമ്മൾ നിസ്സാരമായി തള്ളുന്ന ലഘുപാപങ്ങൾ അല്പാല്പമായി നമ്മിലെ വരപ്രസാദാവസ്ഥയെ നശിപ്പിക്കുന്നുണ്ട് എന്ന ബോധ്യം നല്കാൻ, നമ്മുടെ നീതി ഫരിസേയരുടെ നീതിയെ അതിശയിക്കവസാനദിവസം (മത്താ 25:3145) കർത്താവിന്റെ ന്യായാസനത്തിനുമുൻപിൽ നമ്മൾ നിൽക്കേണ്ടവരാണ് എന്ന് ഓർമ്മപ്പെടുത്താൻ, സത്യത്തിന്റെ പൂർണ്ണതയായ ഈശോയിലേക്ക് നമ്മെ നയിക്കാൻ, ചേർത്തുനിർത്താൻ, വരാനിരിക്കുന്ന കാര്യങ്ങൾ നമ്മെ അറിയിക്കാൻ, വ്യക്തിജീവിതത്തിലും കുടുംബ-സമൂഹജീവിതങ്ങളിലും സ്നേഹവും സഹിഷ്ണുതയും പ്രാർത്ഥനയും ക്രമവും നിറയുവാൻ, ഈ സ്നേഹസുവിശേഷത്തിന്റെ പ്രഘോഷകരായി നാം ഓരോരുത്തരും മാറുവാൻ ജ്വലിക്കുന്ന പരിശുദ്ധാത്മാവിന്റെ നിറവ് അത്യന്താപേക്ഷിതമാണ്.

നിത്യേനയുള്ള യാത്രയിലും നിത്യത്വത്തിലേക്കുള്ള യാത്രയിലും നിത്യസഹായകനായിട്ടാണ് ഈശോ നമുക്ക് പരിശുദ്ധാത്മാവിനെ നല്കിയത്. ആ വലിയ ഉത്തരവാദിത്വം പതുക്കെ, വിശുദ്ധർക്കും മാലാഖമാർക്കും നല്കിക്കൊണ്ട് നമ്മൾ പരിശുദ്ധാത്മാവിനെ അവഗണിക്കുന്നുണ്ടോ എന്ന് ഈ ദിവസങ്ങളിൽ ആത്മശോധന ചെയ്യാം...

വിശുദ്ധരെയെല്ലാം പരിപോഷിപ്പിച്ചത് പരിശുദ്ധാത്മാവാണ് എന്ന് മറക്കാതിരിക്കാം. പരിശുദ്ധ അമ്മയെ കൂട്ടുപിടിച്ച് നമ്മിലെ പരിശുദ്ധാത്മാവിനെ പ്രോജ്ജ്വലിപ്പിക്കുവാൻ അനുദിനം നമുക്ക് പരിശ്രമിക്കാം.

■

# ഓൺലൈൻ വിശ്വാസം

ആശങ്കയല്ല, ദൈവത്തിലുള്ള വിശ്വാസമാണ് വേണ്ടത്. നിങ്ങളുടെ വിവേചനം വിശ്വാസത്തോടല്ല വിശ്വാസരാഹിത്യത്തോടാണ് വേണ്ടത്. വൈറസിനെ ഭയക്കുന്നതിനേക്കാൾ ജാഗ്രതയോടെ വർത്തിക്കുകയാണ് ആവശ്യം. ഒളിച്ചിരുന്ന്, പേടിച്ചിരുന്ന് പ്രാർത്ഥിച്ചാൽ പോരാ. ദൈവാശ്രയം ഉള്ളവരായി വിശ്വാസം പ്രഘോഷിപ്പിക്കണം.

കോവിഡ്-19, ലോകത്തെ മുഴുവൻ കാർന്ന് തിന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആത്മീയതയും വിശ്വാസവും നിർവചിക്കാൻ പറ്റാത്തതായി ദിവസവും ബലിയർപ്പണത്തിൽ പങ്കെടുത്ത് ദിവ്യകാരുണ്യം സ്വീകരിച്ചിരുന്ന വിശ്വാസസമൂഹം ഈ കോവിഡ് കാലത്ത് തങ്ങളുടെ വീടുകളുടെ കുടുസുമുറികൾക്കുള്ളിലെ ടി.വി.യിൽ ഓൺലൈൻ വി. കുർബാന കണ്ട് ആത്മസംതൃപ്തിയടയുന്ന കാഴ്ച നമുക്ക് അനുഭവവേദ്യമാണ്. ഈ ലോക്ക്ഡൗൺ സമയത്ത് ഓൺലൈൻ വി. കുർബാനകളെ ഒരു പരിധിവരെ നമുക്ക് ആശ്രയിക്കാമെങ്കിലും തുടർന്നുകൊണ്ടുപോകുന്നതിൽ വലിയ അർത്ഥമില്ല എന്നാണ് എന്റെ അഭിപ്രായം. എവിടെയാണെങ്കിലും നാം എന്റെ ഈശോയുടെ മുമ്പിലാണ് ഇരിക്കുന്നത് എന്ന ചിന്തയോടെയാണ് നാം വീട്ടിലിരുന്നും വി. കുർബാന കാണുന്നതെങ്കിൽ ആ ആത്മീയത നഷ്ടപ്പെടാതെ ഭക്തിയോടെ വി. കുർബാനയിൽ പങ്കുചേരാം. അതിൽ ഒരു കുറവായി തോന്നുന്നത് ഈശോയെ സ്വീകരിക്കാൻ സാധിക്കുന്നില്ല എന്നുള്ളതാണ്. ആ കുറവ് ഒരു വലിയ കുറവ് തന്നെ കാരണം വി. കുർബാന സ്വീകരിച്ചാൽ മാത്രമേ ബലിയർപ്പണം അർത്ഥപൂർണ്ണമാവുകയുള്ളൂ. അത് എനിക്കും, നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു സത്യം തന്നെയാണ്. സാഹചര്യംകൊണ്ട് അരൂപിയിൽ ഈശോയെ സ്വീകരിക്കേണ്ടതായി വരുന്നു. പക്ഷെ അത് എത്രത്തോളം വിശ്വാസപ്രദമാകുമെന്ന് നിർവചിക്കാൻ പറ്റില്ല.

**ഓൺലൈൻ വി. കുർബാനയുടെ പരിമിതികൾ.**

ഓൺലൈൻ വി. കുർബാനയിൽ ആഴമായ ഒരനുഭവവും നൽകുന്നില്ല എന്നതാണ് വാസ്തവം. വീട്ടിലെ മുതിർന്നവർ ആത്മീയതയിൽ പങ്കുകൊള്ളുമെങ്കിലും ഇത്തരം സാഹചര്യങ്ങൾ നമ്മുടെ

യുവതീയുവാക്കന്മാരെയാണ് കൂടുതൽ സ്വാധീനിക്കുക. ദൈവത്തിൽനിന്ന് അകലുന്നവർ കൂടുതലും ലൗകികരും, ഹൃദയകാഠിനയമുള്ളവരും വിശ്വാസത്തിൽ ചഞ്ചലരും ആകാൻ സാധ്യതകളേറെയാണ്. അതിന് കുറ്റം പറയാൻ പറ്റുകയുമില്ല. കാരണം വീട്ടിലാണല്ലോ പ്രശ്നങ്ങളുടെ കൂമ്പാരം. ഒരാൾക്ക് വി. കുർബാനയിൽ പങ്കെടുക്കണമെങ്കിൽ വീട്ടിലെ ബാക്കിയുള്ളവർ മറ്റുള്ള കാര്യങ്ങളിൽ വ്യാപൃതരാവുന്നു. ഉദാഹരണത്തിന് അമ്മക്ക് അടുക്കളയിൽ ജോലി, അപ്പനാണെങ്കിൽ ജോലിക്ക് പോകാനുള്ള തിരക്ക്. ഇനി ജോലി ഇല്ലെങ്കിൽ തന്നെ സാമ്പത്തിക ബുദ്ധിമുട്ട് ഓർത്തുകൊണ്ടുള്ള ടെൻഷൻ, കുട്ടികൾക്ക് ഉറക്കം. അവസാനം വീട്ടിലെ മുതിർന്നവരായ അപ്പാപ്പനും അമ്മാമ്മയും ഈ ഒച്ചയും ബഹളത്തിനുമിടയിലൂടെ വി. കുർബാനയിൽ പങ്കുകൊള്ളുമ്പോൾ അതിൽ എവിടെയാണ് ആത്മീയത? തമാശയായി പറഞ്ഞാൽ 'ഇപ്പോൾ നരകത്തിൽ ഒറ്റ പിശാചുക്കളുമില്ല. എല്ലാവരും വീടുകളിൽ വിശ്വാസികളുടെ കൂടെയാണ്' ഇതിനർത്ഥം സ്വർഗ്ഗമാകേണ്ട വീട് നരകമായി മാറുന്നു.

ജനങ്ങളുടെ അഭിപ്രായത്തിൽ ഏകാഗ്രത കിട്ടുന്നില്ല. വീട്ടിൽ കുട്ടികൾ കളിക്കുന്നു. മൊബൈൽ അടിക്കുന്നു. ആരോ കോളിങ് ബെൽ അടിക്കുന്നു. കുടുംബാംഗങ്ങൾ സംസാരിക്കുന്നു എന്നൊക്കെയാണ്. പലവിചാരത്തിൽ പെട്ട് പള്ളിയിലെ വി. കുർബാനക്ക് തന്നെ ഏകാഗ്രത നഷ്ടപ്പെടുന്ന ഈ കാലത്ത് വീട്ടിലെ വി.കുർബാനക്ക് എങ്ങനെ ഏകാഗ്രത കിട്ടും? ഏറ്റവും വലിയ കുറവായി തോന്നുന്നത് ടി.വി. കുർബാന ആഴമായ ഒരു അനുഭവം നൽകുന്നില്ല എന്നതാണ്.

**ഓൺലൈനിലായാലും വിശ്വാസം വിശ്വാസം തന്നെ.**

മനുഷ്യനെ ഭീതിയുടെ മുൾമുനയിൽ നിർത്തിയ കൊറോണ വൈറസിന്റെ ഈ അഴിഞ്ഞാട്ടം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. അടിക്കടി വൈറസ് ബാധയേറ്റവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മരണനിരക്കും ഏറിക്കൊണ്ടിരിക്കുന്നു. ഈ അവസരത്തിൽ പ്രശംസനീയമായ കാര്യം വചനത്തിന്റെ ശക്തിയിലേക്കും ആരാധനയുടെ യഥാർത്ഥ ചൈതന്യത്തിലേക്കും മടങ്ങുക എന്നതാണ്. വി. കർദ്ദിനാൾ ഹെൻട്രി ന്യൂമാന്റെ വാക്കുകളിൽ 'ഭൂതകാല ചരിത്രം വർത്തമാന കാലത്തിൽ അവസാനി

ക്കുന്നു. വർത്തമാനകാലം നമ്മുടെ പരിശ്രമങ്ങളുടെ രംഗവേദിയാണ്. മതാത്മകമായി ശരിക്കും പ്രതികരിക്കാൻ ദൈവവചനത്തെയും ആരാധന ഒരു ചടങ്ങ് പോലെ വി. കുർബാന കാണാതെ വീട്ടിലെ എല്ലാവരും പ്രത്യേകിച്ച് മുതിർന്നവർ നിർബന്ധമായും കുഞ്ഞുങ്ങളെ പിടിച്ചിരുത്തി വി. കുർബാനയിൽ ഈശോ എഴുന്നള്ളിയിരിക്കുന്നു എന്നുള്ള ഉറച്ചബോധ്യം കുട്ടികളിൽ വളർത്താൻ ശ്രമിക്കണം. ഭക്തിയോടെ ഇരുന്നാൽ അപ്പത്തിനുള്ളിലെ ഈശോയെ കാണാൻ സാധിക്കുമെന്നുള്ള ഒരു ചിന്ത കുട്ടികളിൽ വളർത്തിയെടുത്താൽ കുട്ടികൾ വി. കുർബാനക്ക് മുമ്പിൽ ഭക്തിയോടെ ഇരിക്കുന്നത് നമുക്ക് കാണാൻ സാധിക്കും. വി. കുർബാനക്ക് മാത്രമല്ല വീട്ടിലെ കുടുംബപ്രാർത്ഥനക്കും ഓൺലൈൻ വഴിയുള്ള ആരാധനക്കും (അഭിഷേകാഗ്നി) വചനപ്രഘോഷണത്തിനും ഇവിടെ പ്രാധാന്യമുണ്ട്. ഈ വക കാര്യങ്ങളിലെല്ലാം തമാശവിട്ട് ഗൗരവത്തോടെ ഇരിക്കേണ്ടകാര്യം മുതിർന്നവർ കുട്ടികളെ ഓർമ്മപ്പെടുത്തണം. അതിനാദ്യമായി മുതിർന്നവർതന്നെ (പ്രധാനമായി മാതാപിതാക്കൾ) ആത്മീയതയിൽ തമാശവിട്ട് ഗൗരവം കാണിക്കണം. കൃത്യസമയത്ത് നിർബന്ധമായും കുടുംബപ്രാർത്ഥനയും തുടക്കം മുതൽ വി. കുർബാനയിലും പങ്കുചേരണം. കളിയല്ല കാര്യമെന്ന് കുട്ടികൾക്ക് അങ്ങനെ ബോധ്യമാവും. അതിന് പ്രധാനമായി കർത്താവിൽ ആശ്രയിക്കുക. മനുഷ്യവർഗ്ഗത്തിനുമേൽ അനർത്ഥങ്ങൾ ഉണ്ടായപ്പോൾ വചനം അവരെ ഓർമ്മപ്പെടുത്തി 'ദൈവത്തെ പൂർണ്ണമായി ആശ്രയിക്കണം.'

ഈ വചനം ഈ സമയം ഞാനോർക്കുന്നു. "നീ കർത്താവിൽ ആശ്രയിച്ചു; അത്യുന്നതങ്ങളിൽ നീ വാസമുറപ്പിച്ചു. നിനക്ക് ഒരു തിന്മയും ഭവിക്കുകയില്ല; ഒരനർത്ഥവും നിന്റെ കൂടാരത്തെ സമീപിക്കുകയില്ല" (സങ്കീ 91:9-10).

ദൈവാശ്രയം നമ്മെ നയിക്കേണ്ടത് അനുതാപത്തിലേക്കാണ്. മനുഷ്യനും മൃഗവും ചാക്ക് വസ്ത്രം ധരിച്ച് ദൈവത്തോട് ഉച്ചത്തിൽ വിളിച്ചപേക്ഷിക്കട്ടെ. ഓരോരുത്തരും തങ്ങളുടെ ദുർമാർഗ്ഗത്തിൽനിന്നും അക്രമങ്ങളിൽനിന്നും പിൻതിരിയട്ടെ. ദൈവം മനസുമാറ്റി തന്റെ ക്രോധം പിൻവലിക്കുകയും അങ്ങനെ നാം നശിക്കാതിരിക്കുകയും ചെയ്തേക്കാം. (യോന 3;8-9). സങ്കീർത്തനം 34-ാം അദ്ധ്യായം 18-ാം വാക്യത്തിൽ പറയുന്നു: "ഹൃദയം നുറുങ്ങിയവർക്ക് കർത്താവ് സമീപസ്ഥനും മനമുരുകിയവരെ രക്ഷി

# ആദരാഞ്ജലികൾ





അക്കര പട്ട്യേക്കൽ

## അന്തപ്പൻ ഭാര്യ താണ്ടു



ജനനം : 15.12.1939

മരണം : 05.05.2021



# 8-ാം ചരമവാർഷികം
## 06.06.2021



എടക്കളത്തൂർ
# പൗലോസ് റപ്പായി

ജനനം : 15. 08. 1950
മരണം : 06. 06. 2013

പ്രാർത്ഥനാപൂർവ്വം

ഭാര്യ : ലില്ലി റപ്പായി
മക്കൾ : പ്രശാന്ത്, സ്റ്റെഫിൻ
മരുമക്കൾ : ജെസിന, ലില്ലി
കൊച്ചുമക്കൾ

സെന്റ് പീറ്റർ യൂണിറ്റ്




TT DEVASSY
JEWELLERS

NEAR VADAKKE STAND, THRISSUR

97452 88881 www.ttdevassyjewellers.com ttdevassyjewellers

# പാവനസ്മരണയ്ക്ക്

## 22.08.2021



# ടി.പി. വർഗ്ഗീസ്

താണിക്കൽ ഹൗസ്
പി.ഒ. അയ്യന്തോൾ, തൃശൂർ

ജനനം : 28.09.1947   മരണം : 22.08.2003

പ്രാർത്ഥനാപൂർവ്വം
[illegible]

സെന്റ് പീറ്റർ യൂണിറ്റ്

ക്കുന്നവനുമാണവിടന്ന്. അവിടുന്ന് ഉദാരമതിയും ക്ഷമാശീലനും സ്നേഹസമ്പന്നനുമാണ്" (ജോയേൽ 2:13).

ഈ അവസരത്തിൽ വിശ്വാസത്തോടെയുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകൾ ദൈവത്തിന്റെ മനസ്സ് മാറ്റാൻ സാധിക്കും. വചനം തന്നെ പറയുന്നു. (പുറപ്പാട് 12:1-4) ദൈവം തന്റെ ജനത്തോട് മഹാമാരിയിൽനിന്ന് രക്ഷപ്പെടാൻ പെസഹാ ആചരിക്കാൻ ആവശ്യപ്പെട്ടു. യേശുക്രിസ്തു സെഹിയോൻ ഊട്ടുശാലയിൽ നമുക്കായി അർപ്പിച്ചതും കുരിശിൽ പൂർത്തീകരിച്ചതുമായ ദിവ്യബലി. ആ ദിവ്യബലിയിൽ വിശ്വാസത്തോടെ നമുക്ക് ഒന്നുചേരാം.

## മായാ മനോഹരി അമ്മേ

**ശോഭന ആന്റോ**
ഹോളി ട്രിനിറ്റി യൂണിറ്റ്

അമല മനോഹരി അമ്മേ
നിൻപല രൂപങ്ങൾ പലയിടങ്ങൾ
പ്രത്യക്ഷത്തിനായ് നീ തിരഞ്ഞെടുത്തു
ഞങ്ങളോടൊപ്പമാകാൻ കൊതിച്ചുകൊണ്ട്
ഞങ്ങളുടെ അമ്മയായ് നീ ഓടിയെത്തി

നീ വന്ന ഇടങ്ങളിലെല്ലാം
നിൻ സ്നേഹം എപ്പോഴും തുളുമ്പിനിന്നു
വേദനിച്ചോടിയെത്തും മക്കളിലെല്ലാം
നിൻ സ്നേഹ പൂമഴ പെയ്തിറങ്ങി
മക്കളുടെ വേദനകൾ ഒപ്പിയെടുത്തു.

വഴിതെറ്റി അടിതെറ്റി വീഴുംനേരം
നിന്നരുകിൽ ഓടിയെത്തും മക്കളെ നീ
താലോലിച്ചോമനിച്ച് അമ്മതൻ സ്നേഹത്താലെ
വാരിപ്പുണർന്നു നീ നേർവഴികാട്ടും
നിൻ മകനോടൊപ്പമായി വസിച്ചിടുവാൻ

ത്രിലോകരാജ്ഞിയാം മാതാവേ
എന്നും എപ്പോഴും ഞങ്ങൾ നമിച്ചിടുന്നു
എന്നും നിന്റെ മക്കളായ് ജീവിച്ചിടുവാൻ
നിലനിൽപ്പിൻ വരത്തിനായ് പ്രാർത്ഥിച്ചിടണേ.

# ഞങ്ങൾ വരവായി

| റജി. നമ്പർ / ജനന തീയ്യതി | പേര്, വിലാസം |
|---|---|
| 02/2021<br>22.10.2020 | പൊറത്തൂർ കൂനംപ്ലാവ് ലീജോൺ & എലീസ് കാമില്ല മകൾ എലനോർ ലീ (24.01.2021) |
| 06/2021<br>03.11.2020 | ചെറുവത്തൂർ ജെസ്റ്റിൻ ജോസ് & ബെറീറ്റ ആന്റോ മകൻ അന്തോണീസ് (എയ്ഡൻ ജെസ്റ്റിൻ) 07.04.20 |
| 07/2021<br>20.01.2021 | ചെറുവത്തൂർ വടക്കൻ സിയോൺ & അഞ്ജു ഫ്രാൻസിസ് മകൾ അന്ന (തെരേസ സിയോൺ) 10.04.2021 |
| 08/2021<br>12.06.2020 | പുലിക്കോട്ടിൽ ഷാജൻ & ആൻസി ആന്റോ മകൻ ആന്റണി (റൊണാൾഡ്) 15.04.2021 |
| 09/2021<br>12.12.2020 | പറപ്പുള്ളി ടിന്റോ & ഷമാന്റ ഷാജു മകൾ മാർത്ത (അമേയ ടിന്റോ കുരിയൻ) 17.04.2021 |
| 10/2021<br>13.03.2021 | വടക്കൻ മാർട്ടിൻ & ശിലപ സ്റ്റാൻലി മകൾ ത്രേസ്യ (എമ മാർട്ടിൻ) 07.07.2021 |
| 11/2021<br>05.02.2021 | പാണേങ്ങാടൻ ജെറിൻ & ബിൻസി മകൾ മറിയം ത്രേസ്യ (അക്സ ജെറിൻ) 08.07.2021 |
| 12/2021<br>14.04.2021 | നെറ്റിക്കാടൻ റിന്റോ ജോർജ്ജ് & ആഷ മാഗി മകൾ എലിസബത്ത് (ഐറിൻ ആർ. നെറ്റിക്കാടൻ) 22.07.2021 |

| രജി. നമ്പർ / മരണ തീയ്യതി | പേര്, വിലാസം |
|---|---|
| 05/2021<br>05.04.2021 | അരിമ്പൂര് ചൊവ്വൂക്കാരൻ ലോനപ്പൻ പോൾ (79)<br>(സെന്റ് മേരീസ് യൂണിറ്റ്) |
| 06/2021<br>28.04.2021 | തെക്കേക്കര തരകൻ പൗലോസ് പൗലോസ് (83)<br>(മഡോണ യൂണിറ്റ്) |
| 07/2021<br>05.05.2021 | അക്കരപട്ട്യേക്കൽ അന്തപ്പൻ ഭാര്യ താണ്ടു (82)<br>(സെന്റ് മെരീസ് യൂണിറ്റ്) |
| 08/2021<br>08.05.2021<br>(76) | കൊള്ളന്നൂർ തറയിൽ ഫ്രാൻസീസ് ഭാര്യ സിസിലി<br>(സെന്റ് അൽഫോൻസ യൂണിറ്റ്) |
| 09/2021<br>06.06.2021 | കിടങ്ങത്തുപറമ്പിൽ ഔസേഫ് കൊച്ചുമാത്യു (73)<br>(മഡോണ യൂണിറ്റ്) |
| 10/2021<br>14.06.2021 | അറയ്ക്കൽ ചാക്കുണ്ണി തോമസ് (83)<br>(സെന്റ് സേവിയേഴ്സ് യൂണിറ്റ്) |
| 11/2021<br>22.06.2021 | വടക്കേത്തല മൈക്കിൾ ഭാര്യ റോസിലി (83)<br>(ക്രിസ്തുരാജ യൂണിറ്റ്) |
| 12/2021<br>14.07.2021 | ആലപ്പാട്ട് ഈനാശു വർഗ്ഗീസ് (65)<br>(സെന്റ് ആന്റണീസ് യൂണിറ്റ്) |

| വിവാഹ തീയ്യതി | പേര്, വിലാസം |
|---|---|
| 18.04.2021 | അയ്യന്തോൾ ഇടവക, കുരുതുകുളങ്ങര ജോയ് & സോണിയ മകൻ നിധിൻ |

| | |
|---|---|
| | കണ്ടാണശ്ശേരി ഇടവക ആളൂർ ഷാജൻ & പെട്രീഷ്യ മകൾ വിനയ |
| 24.04.2021 | അയ്യന്തോൾ ഇടവക, തോലത്ത് ജേക്കബ് & ത്രേസ്യാമ്മ മകൻ ഹേവിസ് ജാൻകോ<br>ഇരിങ്ങാലക്കുട ഇടവക തൊകലത്ത് ജോയ് & ലാലി മകൾ ചെൽസി ജോയ് |
| 13.05.2021 | അയ്യന്തോൾ ഇടവക കവലക്കാട്ട് പാറേക്കാടൻ ബാബു & ഡീന മകൻ കിരൺ ബാബു<br>പാണ്ടി ഇടവക (ചങ്ങനാശ്ശേരി അതിരൂപത) ചെമ്പകത്ത് പടീറ്റത്തിൽ ഗോപാലകൃഷ്ണൻ & തുളസി മകൾ അമല |
| 06.06.2021 | അയ്യന്തോൾ ഇടവക മുളയ്ക്കൽ ഫിലിപ്പ് ഷീന മകൾ ഷാരോൺ ഫിലിപ്പ്<br>നെല്ലായി ഇടവക (ഇരിങ്ങാലക്കുട രൂപത) കാളൻ വർഗ്ഗീസ് & ഷോളി മകൻ പോൾ വർഗീസ് |
| 20.06.2021 | അയ്യന്തോൾ ഇടവക അറങ്ങാശ്ശേരി വിത്സൻ & ആനി മകൾ നവ്യമോൾ<br>പല്ലിശ്ശേരി ഇടവക ആളൂക്കാരൻ ആന്റെ & ബെറ്റി മകൻ ആബേൽ |
| 08.07.2021 | അയ്യന്തോൾ ഇടവക കോളേങ്ങാടൻ ബാബു & ലീന മകൾ ടിൻസി മഡോണ<br>മാപ്രാണം ഇടവക (ഇരിങ്ങാലക്കുട രൂപത) ഏറാട്ടുകാരൻ ജോർജ്ജ് & ജോയ്സി മകൻ കുര്യൻ ജോർജ്ജ് |

## ഇടവകയിൽ നിന്നും മാറിപോയവർ

| **തീയ്യതി** | |
|---|---|
| 7.03.2021 | പാലയൂർ തോമസ് മകൻ ജോൺ & കുടുംബം (സെ. ജോസഫ് യൂണിറ്റ് - പിനാക്ക്ൾ ഫ്ളാറ്റ്) - വേലൂർ ഫൊറോന |

| | |
|---|---|
| 2.04.2021 | കൊള്ളന്നൂർ വർക്കി മകൻ എൽസൻ ലാസർ & കുടുംബം (സെന്റ് സേവിയേഴ്സ് യൂണിറ്റ്) - മുണ്ടൂർ |
| 15.04.2021 | ആലപ്പാട്ട് അന്തോണി മകൻ വിജു & കുടുംബം (മഡോണ) - വേലൂപ്പാടം |
| 15.04.2021 | പ്ലാക്കൽ ചുമ്മാർ മകൻ ഷാജു & കുടുംബം (സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്) - ഒളരി |
| 20.04.2021 | കോനിക്കര ലോനപ്പൻ മകൻ ജോൺ ഡേവിസ് & കുടുംബം (സെന്റ് മേരീസ് യൂണിറ്റ്) - വെണ്ണല (എറണാകുളം അങ്കമാലി അതിരൂപത) |
| 24.06.2021 | ഒലക്കേങ്കിൽ ജോസ് മകൻ അരുൺ കുടുംബം ഹോളി ഫാമിലി യൂണിറ്റ് - തായ്ക്കാട്ടുകര ഇടവക (എറണാകുളം അങ്കമാലി അതിരൂപത) |

## ഇടവകയിലേക്ക് വന്നവർ

| തീയ്യതി | പേര്, വിലാസം |
|---|---|
| 03.04.2021 | തേയ്ക്കാനത്ത് പണ്ടാരവളപ്പിൽ മാത്യു മകൻ പോൾ & കുടുംബം (സെന്റ് പോൾസ് യൂണിറ്റ്) |
| 10.04.2021 | കാരയിൽ ജോൺസൻ ഭാര്യ ലില്ലി & കുടുംബം (സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്) |
| 30.04.2021 | തട്ടിൽ നടയ്ക്കലാൻ ജോസഫ് മകൻ ലിവിൻ & കുടുംബം (ഹോളി ഫാമിലി യൂണിറ്റ്) |
| 21.06.2021 | ചൊവ്വല്ലൂർ അന്തോണി മകൻ ജോജൻ & കുടുംബം (ഹോളി ട്രിനിറ്റി യൂണിറ്റ്) |
| 25.06.2021 | ചിറമ്മൽ കിഴക്കേത്തല ജോസഫ് എൽസി (സെന്റ് സേവിയേഴ്സ് യൂണിറ്റ്) |
| 12.07.2021 | പൊന്തേക്കൻ ലൂയിസ് മകൻ തോമസ് & കുടുംബം (സെന്റ് പോൾസ് യൂണിറ്റ്) |
| 15.07.2021 | മോളത്ത് ജോസഫ് ഭാര്യ മോളി & കുടുംബം (ക്രിസ്തുരാജ യൂണിറ്റ്) |

ക്വിസ് മാസ്റ്റർ : **സി. കാതറിൻ** CHF

# BIBLE QUIZ

## 2021 ആഗസ്റ്റ് മാസത്തെ ബൈബിൾ ക്വിസ്

### റോമ 9–12

1. എല്ലാറ്റിന്റെയും അടിസ്ഥാനം എന്ത്?
2. എന്റെ ജനമല്ലാത്തവരെ എന്റെ ജനം എന്ന് ഞാൻ വിളിക്കും. “ഇത് ഏത് പ്രവാചകൻ വഴിയാണ് അരുളിചെയ്തത്?
3. ഇസ്രായേൽ നിയമം നിറവേറ്റുന്നതിൽ വിജയിച്ചില്ല. കാരണ മെന്ത്?
4. നിയമാധിഷ്ഠിതമായ നീതി പ്രവർത്തിക്കുന്നവർക്ക് അതുമൂലം ജീവൻ ലഭിക്കും. എന്ന് പറഞ്ഞത്?
5. നിന്റെ അധരത്തിലും നിന്റെ ഹൃദയത്തിലും അതുണ്ട്. ഏത്?
6. തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയും മേൽ അവിടുന്ന് വർഷിക്കുന്നതെന്ത്?
7. വിജാതിയരുടെ അപ്പസ്തോലൻ?
8. അഹങ്കാരം വെടിഞ്ഞ് ............ വർത്തിക്കുക.
9. ദൈവഹിതം എന്തെന്ന് വിവേചിച്ചറിയാൻ നിങ്ങൾക്ക് സാധി ക്കുന്നത് എപ്പോഴാണ്?
10. കരുണ കാണിക്കുന്നവൻ എങ്ങനെയാണ് പ്രവർത്തിക്കേണ്ടത്?

# 2021 ഏപ്രിൽ മാസത്തെ ക്വിസ് ശരിയുത്തരങ്ങൾ

1. ഗ്രീക്കുകാരോടും അപരിഷ്കൃതരോടും വിജ്ഞാനികളോടും അജ്ഞന്മാരോടും
2. സുവിശേഷം
3. നിന്നെ അനുതാപത്തിലേക്ക് നയിക്കുക
4. നിത്യജീവൻ
5. മഹത്വവും ബഹുമാനവും സമാധാനവും
6. യഹൂദരെ
7. പാപം
8. ഹൃദയങ്ങൾ പരിശോധിക്കുന്നവൻ
9. ആത്മാവ്
10. ദൈവഹിതം

## 2021 ഏപ്രിൽ മാസത്തെ ശരിയുത്തരം അയച്ചവർ

1. സിസിലി അബ്രാഹം – സെ. ജോസഫ് യൂണിറ്റ്
2. ലൂസി ജോയ് – സെ. സേവ്യർ യൂണിറ്റ്
3. മേഴ്സി ജസിന്റോ – സെ. തോമസ് യൂണിറ്റ്
4. ജിപ്സി റാഫി – സെ. തോമസ് യൂണിറ്റ്
5. ബബിത ജോഷി – ലിറ്റിൽ ഫ്ളവർ യൂണിറ്റ്
6. ഡെയ്സി അന്തപ്പൻ – സെ. മേരീസ് യൂണിറ്റ്
7. സ്നിയ ഡേവിസ് – സെ. മേരീസ് യൂണിറ്റ്
8. അപർണ ജോസ് – ലിറ്റിൽ ഫ്ളവർ യൂണിറ്റ്
9. മേരി രാജു – സെ. സേവ്യർ യൂണിറ്റ്

നറുക്കെടുപ്പിലൂടെ വിജയിയായത്

**ബബിത ജോഷി**

ലിറ്റിൽ ഫ്ളവർ യൂണിറ്റ്

# ചായകൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച്
ആഗസ്റ്റ് 25-ാം തിയ്യതിക്കുമുൻപ്
പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(പ്രായഭേദമന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്)



ഏപ്രിൽ മാസത്തെ ചായകൂട്ട്
മത്സര വിജയി
**ജുവൽ ആൻഡ്രൂസ്**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്


Chavara Cultural Centre
ഒന്നാകുന്ന ഹൃദയങ്ങൾ
ഒന്നുചേരുന്ന കുടുംബബന്ധങ്ങൾ!
Chavara Matrimony.com
25 വർഷത്തെ സേവനപാരമ്പര്യം
6 ലക്ഷം + ക്രിസ്ത്യൻ പ്രൊഫൈലുകൾ
3,00,000+
സംതൃപ്ത കുടുംബങ്ങൾ
തൃശ്ശൂർ 99957 77576
Chavara Family Welfare Centre, H.O Chavara Cultural Centre, Kochi
99 61 74 44 44 04844080333 1800 103 4080




**HYGIENE + SERIES**

Antibacterial | 100% Virgin | 10 Years Warranty | 4 Layer Tank
Most Modern Designs | QC Inspected, Tested and Sealed

100% VIRGIN | ANTIBACTERIAL TANK | 4 LAYER TANK | HYGIENE + SERIES

## OCEAN POLYMER TECHNOLOGIES PVT. LTD.

V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.oceangroup.net.in • email: enquiry@oceangroup.net.in

**FOR TRADE ENQUIRIES**
**CALL: 0487- 2202787**
CUSTOMER CARE : 8137009888

nirmala hiprint Ph : 0487 2387393